# [സനാതനധർമ്മം]

[Bhamini Nair]

## എന്താണ് സനാതനധർമ്മം ?

അടുത്തകാലത്തു ഉണ്ടായ ശബരിമല പ്രശ്നം നമ്മുടെ ഹിന്ദുക്കളുടെ ഉള്ളിൽ പല ചോദ്യങ്ങളും ഉയർത്തിയിട്ടുണ്ട്...ഒരിക്കൽ TV യിൽ ഒരു പ്രഫസറായ ഹിന്ദു സ്ത്രീ ചോദിക്കുന്നതു കേട്ടു.."ക്രിസ്ത്യാനികൾക്ക് ബൈബിൾ ഉണ്ട്...മുസ്ലിംകൾക്ക് ഖുർആൻ ഉണ്ട്....പക്ഷെ നമുക്ക് ഹിന്ദുക്കൾക്ക് പ്രമാണയിട്ടു എന്താണ് ഉള്ളത്." എന്നു..ഒരു അഭ്യസ്ഥവിദ്യയായ ഹിന്ദു സ്ത്രീയുടെ അടുത്തുനിന്ന് ഇതു കേട്ടപ്പോൾ ഞാൻ തന്നെ അത്ഭുതപ്പെട്ടു പോയി....എന്നാൽ സത്യം അതാണ്...നമുക്കാർക്കുംതന്നെ അറിയില്ല നമുക്ക് പ്രമാണമായി എന്താണുള്ളതെന്നു...ചിലർ അതു സനാതന ധർമ്മമാണെന്നുപറയുന്നു.....എന്നാൽ സനാതന ധർമ്മം എന്താണ് എന്നു ചോദിച്ചാൽ അതും അറിയില്ല....മറ്റു മതങ്ങൾ അവർ മനസ്സിലാക്കിയതു കുറച്ചെങ്കിലും അവരുടെ കുട്ടികളെ പഠിപ്പിക്കുന്നു....എന്നാൽ ഹിന്ദുക്കൾക്ക് അങ്ങനെ ഒരു വിദ്യാഭ്യാസരീതി ഇല്ല....ഇനി അത് തുടങ്ങിയാലോ.. ...മതേതരത്വം പറഞ്ഞു അതിനെ വിലക്കും.....
ഈ സനാതനധർമ്മം എന്തെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.....

നമ്മൾ ഭാരതീയർ ഇന്ന് വിവിധ മതങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിച്ചു ജീവിക്കുന്നവരാണ്.ഇവിടെ ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം,ബുദ്ധമതം,ജൈനമതം തുടങ്ങി പലതരം മത വിഭാഗത്തിൽ പെട്ടവരുണ്ട്. ഇവയിൽ ഓരോന്നിന്റെയും ആചാരാനുഷ്ഠാനങ്ങളും വെവ്വേറെയാണ്. എന്നാൽ ഈ മതങ്ങളിൽ ഹിന്ദുമതം ഒഴിച്ച് മറ്റെല്ലാമതങ്ങളും തന്നെ ഓരോ വ്യക്തിയുടെ പ്രഭാവത്തിൽ  നിന്നും ഉരുത്തിരിഞ്ഞ് വന്നതാണെന്ന് കാണാം. ക്രിസ്തുവിൽ നിന്ന് ക്രിസ്തുമതം, മുഹമ്മദ് നബിയിൽ നിന്ന് ഇസ്ലാം മതം, ബുദ്ധനിൽനിന്ന് ബുദ്ധമതം...... അങ്ങനെ പോകുന്നു അവ. ഇവ എല്ലാം തന്നെ ഏതാണ്ട് [രണ്ടായിരത്തിൽപരം] വർഷങ്ങളുടെ കാലയളവിനുള്ളിൽ വികസിച്ചു വന്നതാണ്.

എന്നാൽ ഹിന്ദുമതം ഒരു കാലയളവിൽ വികസിച്ചുവന്നതോ, ഒരു വ്യക്തിയിൽനിന്ന് ഉരുത്തിരിഞ്ഞ് വന്നതോ അല്ല
ഇത് [#സനാതനധർമ്മം] ആണ് (പലതരം മതങ്ങൾ ഉടലെടുത്ത് വന്നപ്പോൾ ഈ സനാതനധർമ്മത്തെ പിൻതുടർന്ന് വന്നവരെ ഹിന്ദുമതം എന്ന പേരിൽ ഉൾപ്പെടുത്തി , അറിയപ്പെടാൻ തുടങ്ങി എന്നുമാത്രം) [#സനാതനം] എന്നാൽ[#സർവ്വ ദേശകാലങ്ങൾക്കും ഉപരി അനാദിയായി# നിലകൊള്ളുന്നത് എന്ന് സാരം]. അങ്ങനെ നിലകൊള്ളുന്ന ധർമ്മമാണ് സനാതനധർമ്മം. ധർമ്മം എന്നാൽ ധരിക്കേണ്ടത്.....പാലിക്കപ്പെടേണ്ടത് എന്നൊക്കെ പറയാം. ലോകത്തിൽ ഓരോ മനുഷ്യനും വ്യത്യസ്ഥ ഗുണഘടനയോട് കൂടിയവരാണ്. അങ്ങനെ തീർത്തും വ്യത്യസ്ഥരായ മനുഷ്യരെ ഒരു കുടുംബമായും സമൂഹമായും മറ്റും കൂട്ടിച്ചേർത്ത് നിലനിർത്താൻ ഒരു നീതിബോധം അഥവാ ധർമ്മബോധം ഉണ്ടായേ തീരൂ. ഏതൊരു മനുഷ്യനും കാംക്ഷിക്കുന്നത് അവനവന്റെ സുഖത്തെയാണ്. എന്നാൽ ഈ സുഖം തേടിയുള്ള യാത്രയിൽ മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ... ഈ പ്രപഞ്ചത്തിന് തന്നെയോ എന്ത് ദോഷം വന്നാലും വിരോധമില്ല.....എന്ന സ്വാർത്ഥ ചിന്തയിൽ ജീവിക്കുകയാണെങ്കിൽ ഈ ലോകത്തിന്റെ സ്ഥിതി എന്താകും....? അതുകൊണ്ട് തന്നെ മനുഷ്യൻ അവനും കുടുംബത്തിനും സമൂഹത്തിനുമെല്ലാം ഒരുപോലെ ഗുണം ചെയ്യുന്ന ഒരു ജീവിതചര്യ പാലിക്കേണ്ടതുണ്ട്. ഇങ്ങനെ മനുഷ്യന്റെയും സമൂഹത്തിന്റെയും നിലനിൽപ്പിനും ലക്ഷ്യപ്രാപ്തിക്കുമായ് അനുഷ്ഠിക്കേണ്ട......ധരിച്ചിരിക്കേണ്ട മൂല്ല്യങ്ങളായ കർമ്മങ്ങളെയാണ് (കർമ്മം എന്നു പറഞ്ഞാൽ....ഒരു ചിന്തപോലും കർമ്മത്തിൽപ്പെടും...അതിനുമുണ്ട് ഫലം.) ഈ സനാതനധർമ്മം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

## വേദം എന്നാൽ അറിവ് ....

സനാതനധർമ്മത്തിന്റെ അടിസ്ഥാനം വേദങ്ങൾ ആണ്....വേദം എന്നാൽ അറിവ് , ജ്ഞാനം എന്നൊക്കെയാണ് അർത്ഥമാക്കേണ്ടത്..വിദ് എന്ന ധാതുവിൽ

നിന്നാണ് വേദം എന്ന വാക്കുണ്ടായിരിക്കുന്നത്. അറിവ് എന്നത് ഭൗതികമായ അറിവല്ല.... ആത്മജ്ഞാനം....ഇങ്ങനെ ജ്ഞാനാധിഷ്ഠിതമായ ധർമ്മാചരണം മനുഷ്യനെ പ്രേയസ്സിലേക്കും ശ്രേയസ്സിലേക്കും എത്തിക്കുന്നു...മറ്റൊരു രീതിയിൽ പറഞ്ഞാൽ അവനെ ഭൗതികവും ആത്മീയവുമായ പുരോഗതിയിലേക്കെത്തിക്കുന്നു. മനുഷ്യൻ ജനിച്ചകാലം മുതൽക്കു ഈ പ്രപഞ്ചം അവനൊരു സമസ്യയായിരുന്നു. ഈ പ്രപഞ്ചം എന്തു..?? ഇതിൽ തന്റെ ജീവിതം എന്തിനായിക്കൊണ്ട്..?? സർവോപരി താൻ ആര്.?? ഇതൊക്കെ അറിയാനുള്ള ജിജ്ഞാസ അവർക്കുണ്ടായിരുന്നു.അങ്ങനെ ആ ജിജ്ഞാസാ പൂർത്തീകരണത്തെക്കുറിച്ചും തങ്ങളുടെ ജന്മലക്ഷ്യത്തെക്കുറിച്ചും ആയതിലേക്കുള്ള മാർഗ്ഗത്തെക്കുറിച്ചും എല്ലാം അവർ ചിന്തിക്കുകയും അതു കണ്ടെത്തുവാനായി സ്വന്തം ജീവിതം അർപ്പിക്കുകയും ചെയ്തു.ഇങ്ങനെ സ്വജീവിതത്തെ തത്വജ്ഞാനത്തിനായി നീക്കിവെച്ച അവരെ ഋഷീശ്വരന്മാർ എന്നുപറയുന്നു. ഈ സാധനാനിഷ്ഠരായ ഋഷീശ്വരന്മാർ അവരുടെ തപശ്ചര്യയുടെ പരമകാഷ്ഠയിൽ നേടിയ അന്ത:കരണശുദ്ധിയിൽ സർവ പ്രപഞ്ച തത്വങ്ങളെയും സാക്ഷാത്കരിച്ചു.

ഈ തത്വദർശനമാണ്....സത്യദർശനമാണ് മനുഷ്യന്റെ ജന്മലക്ഷ്യമെന്നതിനാൽ അവർ തങ്ങളുടെ ശിഷ്യരിലൂടെ ഈ ജ്ഞാനസഞ്ചയത്തെ പരിപോഷിപ്പിച്ചു..ഇതാണ് #വേദങ്ങൾഎന്ന റിയപ്പെടുന്നത്......

## ഓം

വേദങ്ങൾ എന്നു മുതൽ ആണ് ഉണ്ടായതെന്ന് പലരും ചോദിക്കാറുണ്ട്...എന്നാൽ നമ്മുടെ ഋഷീശ്വരൻമാർ പറയുന്നു.....ഈ പ്രപഞ്ചസൃഷ്ടിയോടുകൂടിത്തന്നെ വേദങ്ങളും ഉണ്ടായി....എന്നു.അതിനു എന്താണ് തെളിവ്....അല്ലേ.....ഈ പ്രപഞ്ചത്തിന്റെ ഏറ്റവും സൂക്ഷ്മ അംശമാണ് ആകാശം.ആകാശത്തിന്റെ ഗുണം ശബ്ദമാണ്.നമ്മൾ വായിച്ചിട്ടില്ലേ....സൂര്യനിലൽനിന്നും #ഓം എന്നൊരുശബ്ദം പുറപ്പെടുന്നുണ്ട് എന്നു ....NASA പറയുന്നു എന്നു.ഈ ഓംകാരം നാദബ്രഹ്മമാണ്...അ , ഉ , മ് എന്ന മൂന്നു അക്ഷരങ്ങളുടെ സംയോഗം...ഉണ്ടായി നിലനിന്നു മറയുന്നത്....അഥവാ സൃഷ്ടി , സ്ഥിതി , സംഹാരം....ഇതാണ് ആ മൂന്നു അക്ഷരങ്ങളെക്കൊണ്ടു സൂചിപ്പിക്കുന്നത്...അതാണ് പ്രണവസ്വരൂപം എന്നൊക്കെപറയുന്നത്.ആ ഓംകാരത്തിൽ സൃ ഷ്ടി സ്ഥിതി സംഹാരത്തിന്റെ എല്ലാ അറിവുകളും അന്തർലീനമായിരിക്കുന്നു....അതുകൊണ്ടാണ് ഓംകാരോപാസാനകൊണ്ടു മാത്രം ജ്ഞാനിയായിത്തീരാൻ പറ്റും എന്നു പറയുന്നതും.

ഭഗവത് ഗീതയിൽ ഭഗവാൻ പറയുന്നുണ്ട്....അർജ്ജുനന് ഉപദേശിച്ച തത്വങ്ങളെ പണ്ട് സൂര്യന് ഉപദേശിച്ചിട്ടുണ്ടെന്നു...അതിന്നർത്ഥം സൂര്യനുണ്ടായകാലം മുതൽ ഈ അറിവും ഉണ്ടെന്നല്ലേ...മനുഷ്യൻ (മനനം ചെയ്യാൻ കഴിവുള്ളവൻ) അവന്റെ ധ്യാനാവസ്ഥയിൽ ഈ ജ്ഞാനത്തെ സ്വാംശീകരിക്കുന്നു. അതാണ് സത്യസാക്ഷാത്കാരം.അതിൽക്കൂടി " ഒരു ജന്മം കിട്ടിയാൽ അതു ഭംഗിയായി....വിജയകരമായി ജീവിച്ചു തീർക്കണമെങ്കിൽ അതിനു ശാരീരികവും മാനസികവുമായ ആരോഗ്യം വേണമെന്നും അതിനുള്ള അറിവുകൾ എല്ലാം ഈ വേദങ്ങളിൽ അടങ്ങിയിട്ടുണ്ടെന്നും " അവർക്ക് മനസ്സിലായി.

## സത്യം വദ... ധർമ്മം ചര

വേദങ്ങൾ പറയുന്നതിതാണ്. "വിദ് സത്തായാം, വിദ് വിചാരണെ, വിദ് ലാഭേ, വിദ് ജ്ഞാനേ."..... അതായത് ഈ പ്രപഞ്ചത്തിലെ സത്തായതിനെകുറിച്ചു അറിയൂ.... അതിനെക്കുറിച്ചു വിചാരം ചെയ്യൂ....അതു നേടൂ..... ആ ജ്ഞാനം അനുഭവിക്കൂ... വേദത്തിന്റെ പരമമായ ലക്ഷ്യം ഇതാണ്. വേദം കാട്ടിത്തരുന്നതും ഇതാണ്... പ്രപഞ്ചത്തിൽ സത്തായിട്ടുള്ളത് അഥവാ സത്യമായിട്ടുള്ളത് എന്താണ് ? അതിനെക്കുറിച്ചു വിചിന്തനം ചെയ്തു അറിയൂ എന്നിട്ടനുഭവിക്കൂ..നമ്മുടെയെല്ലാം ജന്മത്തിന്റെ പരമപ്രധാനമായ ലക്ഷ്യവും അതുതന്നെയാണ്. അതിന്നായി നാം പുരുഷാർത്ഥങ്ങളെ നേടണം. എന്താണ് പുരുഷാർത്ഥം ? "ധർമ്മം..,അർത്ഥം..., കാമം...,മോക്ഷം." ഇതാണ് പുരുഷാർത്ഥം. ആദ്യം ധർമ്മത്തെക്കുറിച്ചറിയുക ,ആ ധർമ്മത്തിൽനിന്നുകൊണ്ടു അർത്ഥം സമ്പാദിക്കുക , ആ ധർമ്മത്തിൽക്കൂടിത്തന്നെ തന്റെ കാമങ്ങളെ അഥവാ ആഗ്രഹങ്ങളെ

പൂർത്തീകരിക്കുക , ആ ധർമ്മത്താൽ തന്നെ മോക്ഷപാദവിയിലെത്തുക. ഇവിടെ നമുക്ക് ഒന്നു കാണാം. ഇതിലെല്ലാം അടങ്ങിയിട്ടുള്ള ഏക വസ്തു ധർമ്മമാണ്. ധർമ്മത്തിലധിഷ്ഠിതമായ കർമ്മത്തിലൂടെ മാത്രമേ നമുക്ക് മോക്ഷത്തിലേക്കെത്താൻ സാധിക്കൂ. അപ്പോൾ ധർമ്മം എന്തെന്ന് നാം ആദ്യം അറിഞ്ഞിരിക്കണം.

ധർമ്മം രണ്ടു വിധമുണ്ട്.1) പാരമാർത്ഥിക ധർമ്മം ( പരമമായ ധർമ്മം) 2) വ്യാവഹാരിക ധർമ്മം.. പാരമാർത്ഥിക ധർമ്മം എല്ലാവർക്കും ഒന്നു തന്നെയാണ്. നാം എവിടെ നിന്നു വന്നുവോ അവിടെക്കു തിരിച്ചു എത്തിച്ചേരുക എന്നതാണത്. അതായത് #ആത്മസാക്ഷാത്കാരം. എന്നാൽ വ്യാവഹാരിക ധർമ്മം പലർക്കും പലതാണ്. നാം ഈ ലോകത്തിൽ വ്യവഹരിക്കുമ്പോൾ നമ്മുടെ വ്യക്തിത്വം, ജോലി, സ്ഥാനം മുതലായവക്കനുസരിച്ചു ഓരോരുത്തരുടെ ധർമ്മത്തിനും മാറ്റമുണ്ടാകും.. ഉദാഹരണത്തിന് ഒരു അച്ഛന്റെ ധർമ്മമല്ല മകന്.. അമ്മക്ക് വേറെ ധർമ്മം. ഒരു പൊലീസുകാരന്റെ ധർമ്മമല്ല അധ്യാപകന്.. ഇങ്ങനെ വ്യാവഹാരികതലത്തിൽ ധർമ്മതിനു വ്യത്യാസം ഉണ്ടാകും. എന്നാൽ ഈ ധർമ്മതിനു പൊതുവായി ഒരു നിർവചനം കല്പിച്ചിട്ടുണ്ട്. അതെന്തെന്നാൽ.... ഒരു പ്രവൃത്തി , തന്റെ മനസ്സിന് സുഖവും സന്തോഷവും തരുന്നതും, മാനസിക തലത്തിൽ ഒരുണർവ്വം ഉയർച്ചയും ഉണ്ടാക്കുന്നതും, തന്നോടൊപ്പം നിൽക്കുന്നവർക്ക് സന്തോഷവും കുടുംബത്തിന് ഗുണവും സർവോപരി സമൂഹത്തിനു ഗുണവും നന്മയും ചെയ്യുന്നതായാൽ അതു ധർമ്മമായി. ശ്രീനാരായണഗുരുസ്വാമികൾ പറഞ്ഞിട്ടില്ലേ... "അവനവനു സുഖത്തിനായാചരിക്കുന്നത് അപരന് സുഖമായ് ഭവിച്ചിടേണം" എന്നു.അതായത് സ്വാർത്ഥ ലാഭേച്ഛയില്ലാത്ത കർമ്മങ്ങൾ.... എല്ലാം എനിക്കുമാത്രം മതി എന്ന ചിന്തയില്ലാത്ത കർമ്മങ്ങൾ ആണ് ധർമ്മം. അതാണ് വേദത്തിൽ "സത്യം വദ"... "ധർമ്മം ചര" എന്നു പറഞ്ഞിട്ടുള്ളത്.

## വേദങ്ങൾ വേദാന്തങ്ങൾ

അനാദിയായ വേദങ്ങൾ ഇന്ന് കാണുന്ന പോലെ ചിട്ടപ്പെടുത്തി എടുത്തത് വേദവ്യാസമഹർഷി ആണ്.അതുവരെ വേദങ്ങൾ ലിഖിതപ്പെട്ടിട്ടില്ലായിരുന്നു. ഗുരുശിഷ്യ പരമ്പരയിലൂടെ പകർന്നു കൊടുക്കുകയായിരുന്നു പതിവ്. അതുകൊണ്ടുതന്നെ ഈ വേദങ്ങളെ #ശ്രുതികൾ എന്നും പറയുന്നു. അങ്ങനെ വിശാലമായി പരന്നു കിടന്നിരുന്ന ഈ വേദങ്ങളെ അതിന്റെ രൂപ ഘടനക്കനുസരിച്ച് നാലായി വിഭജിച്ച് ശിക്ഷാരീതിക്കുതകുംവണ്ണം പാഠ്യപദ്ധതി ആക്കിയത് വേദവ്യാസമഹർഷി ആണ്. അതുകൊണ്ടുതന്നെയാണ് കൃഷ്ണദ്വൈപായനൻ എന്ന അദ്ദേഹത്തിന് വേദവ്യാസൻ (വേദങ്ങളെ വ്യസിച്ചവൻ എന്ന അർത്ഥത്തിൽ) എന്ന പേരു സിദ്ധിച്ചത്.ഈ ശ്രുതികൾ ആയി നിലനിന്ന വേദങ്ങളെ അതിന്റെ രൂപ ഘടനക്കനുസരിച്ച് അദ്ദേഹം നാലാക്കി വിഭജിച്ചുവല്ലോ.ഇതിൽ മന്ത്ര പ്രധാനവും ഛന്ദസ്സിന്റെ രൂപവുമുള്ള വേദങ്ങളെ "ഋഗ്വേദം" എന്ന പേരിലും യജ്ഞ പ്രധാനവും ഗദ്യ രൂപവുമായ മന്ത്രങ്ങളെ "യജുർവേദം" എന്നപേരിലും ഗാന പ്രധാനമായവയെ "സാമവേദം" എന്ന പേരിലും വിഭജിച്ചു. "അഥർവ്വവേദം"പൊതുവേ ഇവ മൂന്നും ചേർന്നതാണ് എന്നു പറയാം. ഈ നാല് വേദങ്ങളെയും വിപുലീകരിക്കാൻ വേദവ്യാസൻ തന്റെ ശിഷ്യരായ ജൈമിനി , പൈലൻ ....മുതലായ മഹർഷിമാരെ ഏൽപ്പിച്ചു. അവരിൽ കൂടി അവ വിപുലീകരിക്കപ്പെട്ടു.

വേദങ്ങളെ പൊതുവേ രണ്ടായി വിഭജിച്ചിരിക്കുന്നു. കർമ്മകാണ്ഡം എന്നും ജ്ഞാനകാണ്ഡമെന്നും. കർമ്മകാണ്ഡത്തിൽ യഥാക്രമം സംഹിത , ബ്രാഹ്മണം ,ആരണ്യകം എന്നിവ ഉൾപ്പെടുന്നു. ഇവയെല്ലാംതന്നെ ഇഹപരലോക സൗഖ്യാർത്ഥം നിർവഹിക്കപ്പെടേണ്ട കർമ്മവിധാനങ്ങളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.ഉപാസനാവിധികളും ഇതിൽപെടുന്നു ജ്ഞാനകാണ്ഡം ഉപനിഷത്തുക്കളാണ്. സർവ്വ കർമ്മങ്ങൾക്കും ഉപരി ബ്രഹ്മജ്ഞാനമാണിത്. വേദങ്ങളുടെ ഒടുവിലത്തെ ഭാഗമായതിനാലും ജ്ഞാനത്തിന്റെ പരമകാഷ്ഠയിൽ ഉള്ളതിനാലും ഈ ഉപനിഷത്തുകളെ #വേദാന്തം എന്നു കൂടി പറയുന്നു.

## അദ്ധ്യാത്മ രാമായണവും മഹാഭാരതവും

വളരെ ബൃഹത്തും മഹത്തുമായ ഈ വേദങ്ങളാണ് നമ്മുടെ സനാതനധർമ്മത്തിന്റെ അടിസ്ഥാനം. ഈ വേദങ്ങളും അതിന്റെ സാരാംശമായ ഉപനിഷത്തുക്കളും മറ്റും പ്രായേണ നിഗൂഢ തത്വങ്ങളാൽ അത്യുന്നതമായ ബോധതലത്തിൽ ഉള്ളതാകയാൽ ഈ ജ്ഞാനം നേടിയെടുക്കാൻ കഠിനമായ നിഷ്ഠയോടും തപസ്സോടും കൂടിയ ഒരു ജീവിതചര്യ ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെ സാധാരണക്കാരന് അതു അപ്രാപ്യവുമായിരുന്നു. എന്നാൽ, അതേസമയം ഈ വേദമാണ് നമ്മുടെ ജീവിതത്തിന്റ അടിസ്ഥാനശാസ്ത്രം എന്ന് മനസ്സിലാക്കുമ്പോൾ ഇതിനെ സാധാരണക്കാരനെ ഗ്രഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ഏറെ വെളിവാകുന്നു. ഇതിനായി കൊണ്ടാണ് ഈ വേദ തത്വങ്ങളെ കഥകളുടെയും ആഖ്യായികകളുടെയും സഹായത്താൽ ഇതിഹാസ പുരാണങ്ങൾ ആയി രചിക്കപ്പെട്ടത്.അങ്ങനെ രചിക്കപ്പെട്ട ഇതിഹാസങ്ങൾ രണ്ടെണ്ണമാണ്. "അദ്ധ്യാത്മ രാമായണവും മഹാഭാരതവും.".

പുരാണങ്ങളിൽ ആകട്ടെ മഹാപുരാണം , ഉപപുരാണം എന്ന രണ്ടു ശാഖകളുണ്ട്.ഇതിൽ ബ്രഹ്മപുരാണം വിഷ്ണുപുരാണം തുടങ്ങി പതിനെട്ട് മഹാപുരാണങ്ങളാണ് പ്രധാനപ്പെട്ടവ. വേദങ്ങളെ ശ്രുതി ( ഋഷിമാരിൽനിന്ന് നേരിട്ട് കേട്ടത് )എന്നും ഇതിഹാസപുരാണങ്ങളെ സ്മൃതി (സ്മരിക്കപ്പെടുന്നത്)എന്നും പറയപ്പെടുന്നു. ഈ സ്മൃതി വിഭാഗത്തിൽ സാമൂഹിക നിയമ പരിപാലനത്തിനായി ഓരോ വ്യക്തിയും ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കർമ്മങ്ങളെ വിധിക്കുന്ന ധർമ്മശാസ്ത്രങ്ങളും ഉണ്ട്. അവയാണ് മനുസ്മൃതി , യാജ്ഞവല്ക്യസ്മൃതി , വ്യാസസ്മൃതി തുടങ്ങിയവ. സനാതന സത്യങ്ങളെ അതേപടി പറഞ്ഞാൽ ഭൂരിപക്ഷം വരുന്ന സാധാരണക്കാരന് മനസിലായി എന്നുവരില്ല. ഉദാഹരണത്തിന് , വേദശാസനമായ സത്യം വദ (സത്യം പറയണം)ധർമ്മം ചര (ധർമ്മത്തിൽ ചരിക്കണം ) എന്ന് പറഞ്ഞാൽ സാധാരണക്കാരന് അത് മനസ്സിലാക്കി ഉൾക്കൊള്ളാനാവില്ല. എന്നാൽ സത്യം പറഞ്ഞാൽ ഉള്ള ഗുണങ്ങളും അസത്യം പറഞ്ഞാൽ ഉള്ള ഭവിഷ്യതും മറ്റും ഹൃദയസ്പർശിയായി വിവരിക്കുന്ന കഥകളൊ ഐതിഹ്യങ്ങളോ പറഞ്ഞുകൊടുത്താൽ അത് എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാനോക്കും. ഇങ്ങനെ മനുഷ്യനെ ധർമ്മത്തിന്റെയും ഭക്തിയുടെയും മാർഗ്ഗത്തിൽക്കൂടി പരമപുരുഷാർത്ഥതിലേക്കു ഉയർത്തി മോക്ഷപ്രാപ്തിയിലെത്തിക്കുന്ന ഈ ശ്രുതി സ്മൃതികളിലാണ് നമ്മുടെ സനാതനധർമ്മം നിലകൊള്ളുന്നത്. ഈ ധർമ്മത്തിൽനിന്ന് തന്നെയാണ് മറ്റു മതങ്ങളൊക്കെ ഉരുത്തിരിഞ്ഞുവന്നത്. അതുകൊണ്ടുതന്നെ ഹിന്ദു മതം എന്നത് ഒരു പ്രത്യേക വിഭാഗതിന്റെ അല്ല , മറിച്ച് മനുഷ്യരാശിയുടെ ആകമാനം അഭ്യുന്നതിക്കായുള്ള ധർമ്മ ശാസ്ത്രങ്ങളെപ്പറ്റിയും പ്രപഞ്ചശക്തിയെപ്പറ്റിയും എല്ലാം പ്രതിപാദിക്കുന്ന മഹത്തായ ഒരു സംസ്കാരമാണ്...

## കർമ്മം പ്രതികർമ്മം

ഇതിഹാസ പുരാണങ്ങളിൽ ആദ്യമായി രചിക്കപ്പെട്ടത് രാമായണമാണ്.24000 ശ്ലോകങ്ങൾ ഉള്ള രാമായണം ആദികാവ്യമായി കരുതപ്പെടുന്നു. വേദങ്ങളെ വ്യാഖ്യാനിക്കുകയാണ് ഇതിഹാസ പുരാണങ്ങളിൽ കൂടി ചെയ്യുന്നത്. കാട്ടാളനായി , മനുഷ്യനെ കൊള്ളയടിച്ച് ജീവിച്ചിരുന്ന രത്നാകരൻ എന്ന മനുഷ്യൻ സനകാദി മഹർഷിമാരുടെ സംസർഗ്ഗത്താൽ തപസ്സ് ചെയ്ത് വാത്മീകിമഹർഷി ആയി തീർന്നു എന്ന് നമുക്കെല്ലാം അറിവുള്ളതാണല്ലോ. എന്നാൽ ഒരു കാട്ടാളനിൽ നിന്നും മഹർഷിയിലേക്കുള്ള പരിവർത്തനം ഉണ്ടാക്കിയത്അദ്ദേഹത്തിന്റെ ഭാര്യയുടെ വാക്കുകളാണ്. അതാകട്ടെ സനാതനധർമ്മത്തിലെ നിഗൂഢമായ തത്വവുമാണ്. "താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ.".. പിൽക്കാലത്ത് പാശ്ചാത്യ ശാസ്ത്രജ്ഞന്മാരും പരീക്ഷണനിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയതും ഇതാണ് ...
"Cause and effect....
Every action there is an equal and opposite reaction ."
...ഇതൊക്കെ ആ കാട്ടാള സ്ത്രീ പറഞ്ഞതിന്റെ പരിഷ്കൃത രൂപമാണ്.

നാം ചെയ്യുന്ന ഓരോ കർമ്മത്തിനും പ്രതിക്കർമ്മമുണ്ട്.ഒരാൾ ചെയ്യുന്നതിന്റെ ഫലം മറ്റൊരാൾക്ക് ഏറ്റെടുക്കാൻ

സാധിക്കില്ല. അതുകൊണ്ടുതന്നെ നല്ല കർമ്മങ്ങൾ ചെയ്താൽ നമ്മളിലേക്ക് തിരിച്ചുവരുന്നതും നല്ലത് തന്നെയായിരിക്കും. ദുഷ്കർമ്മങ്ങൾ ആണെങ്കിൽ ദുരിതങ്ങളുടെ രൂപത്തിൽ അത് നമ്മിലേക്ക് തന്നെ തിരിച്ചെത്തും.അതായത് ഇന്നത്തെ കർമ്മമാണ് നമ്മുടെ നാളത്തെ ജീവിതാനുഭവങ്ങളെ നിശ്ചയിക്കുന്നത് എന്ന് സാരം.

രാമായണം ഉമാമഹേശ്വര സംവാദമായിട്ടാണ് രചിക്കപ്പെട്ടിട്ടുള്ളത്. അതിൽ ശ്രീപാർവ്വതി ശ്രീപരമേശ്വരനോട് രാമ തത്വം പറഞ്ഞു തരൂ എന്നാണ് പറയുന്നത്. ഈ തത്ത്വം എന്ന് പറയുന്നതു വേദങ്ങൾ തന്നെയാണ്. രാമായണത്തിലെ ഓരോ കഥാപാത്രങ്ങളും ഓരോ തത്വത്തിലധിഷ്ഠിതമാണ്. ശ്രീരാമനെ ധർമ്മമൂർത്തി യായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെ കുടുംബത്തെ ഉപേക്ഷിച്ച് ജേഷ്ഠനേയും ജ്യേഷ്ഠപത്നിയെയും സേവിക്കാൻ ഇറങ്ങിയ ലക്ഷ്മണൻ , ശ്രീരാമന്റെ പാദുകങ്ങൾ വെച്ച് രാജഭരണം നടത്തിയ ഭരതൻ ...ഇവരൊക്കെ തന്നെ ധർമ്മത്തിന്റെ മകുടോദാഹരണങ്ങളാണ്. കൂടാതെ താരോപദേശം , ലക്ഷ്മണോപദേശം , ക്രിയായോഗം ..ഇതെല്ലാം വേദാന്ത തത്ത്വങ്ങളെ പ്രതിപാദിക്കുന്നതാണ്...ഇതിൽനിന്നും നമ്മുടെ ജീവിതത്തിൽ ഉൾക്കൊള്ളാൻ ഒരുപാടുണ്ട്.അതുകൊണ്ടുതന്നെ ഈ ഗ്രന്ഥം വെറുതെ പാരായണം ചെയ്യാനുള്ളതല്ല.മറിച്ച് അതിലെ തത്വങ്ങൾ ഉൾക്കൊണ്ട് ജീവിക്കുകയാണ് വേണ്ടത്..

## കർമ്മം, ഫലം

രാമായണത്തെക്കുറിച്ച് കുറച്ചുകൂടി വിശദീകരിക്കണം എന്ന് വിചാരിക്കുന്നു.ത്രേതായുഗത്തിൽ വാത്മീകിമഹർഷിയാൽഎഴുതപ്പെട്ട രാമായണം പിന്നീട് ദ്വാപരയുഗത്തിൽ വേദവ്യാസമഹർഷിയും ഈ കലിയുഗത്തിൽ നമ്മുടെ കേരളഭാഷാ പിതാവായ തുഞ്ചത്തെഴുത്തച്ഛനും പരിഭാഷപ്പെടുത്തിയിട്ടുണ്ട് . തുഞ്ചത്തെഴുത്തച്ഛൻ മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ അദ്ധ്യാത്മരാമായണം (കിളിപ്പാട്ട് രൂപത്തിൽ )ആണ് കേരളത്തിൽ ഇന്നും പ്രചാരത്തിലുള്ളത് .ഇതിൽ അദ്ദേഹം ശ്രീരാമനെ ഒരു അവതാരപുരുഷൻ ആയിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. വടക്കേയിന്ത്യയിൽ ഭക്തിരസം തുളുമ്പുന്ന തുളസീദാസ രാമായണം കമ്പ രാമായണം തുടങ്ങി പല രാമായണങ്ങളും പ്രചാരത്തിലുണ്ട്.

നമ്മൾ നേരത്തെ പറഞ്ഞ Cause and effect ചൂണ്ടിക്കാണിക്കുന്ന പലപല സന്ദർഭങ്ങൾ ഈ രാമായണത്തിൽ ഉണ്ട് രാമനെ രാജാവാക്കാൻ ഒരുങ്ങുന്ന ദശരഥനോട് കൈകേയി വരം ചോദിക്കുന്നതും ശ്രീരാമനെ 14 വർഷം വനവാസത്തിനു വിടണമെന്ന ആവശ്യം പറയുന്നതോടുകൂടി ദശരഥൻ തളർന്നു വീഴുന്നതുമായ രംഗം ....ആ സമയം കുറെ കൈകെയിയെ കുറ്റം പറഞ്ഞിട്ട് ഒടുവിൽ ദശരഥൻ തന്നെ പറയുന്നുണ്ട് ....പണ്ട് നായാട്ടിനു പോയപ്പോൾ അരുവിയിൽ നിന്നും ജലം എടുക്കുന്ന ഒരു മുനികുമാരനെ ആനയാണെന്ന് തെറ്റിദ്ധരിച്ച് അമ്പെയ്തതും മുനികുമാരൻ മരിച്ചപ്പോൾ വൃദ്ധരായ.. അന്ധരായ അദ്ദേഹത്തിൻറെ മാതാപിതാക്കൾ സ്വന്തം പുത്രന്റെ ചിതയിൽ ചാടി ദേഹത്യാഗം ചെയ്തതും..... ആസമയം നീയും പുത്രദുഃഖം മൂലം മരിക്കാനിടയാകട്ടെ എന്നു ശപിച്ചതും എല്ലാം.

നാം ചെയ്ത കർമ്മത്തിന്റെ ഫലമാണ് കാലമാകുമ്പോൾ മറ്റൊരു രൂപത്തിൽ വരുന്നതെന്ന ഈ ഒരു തിരിച്ചറിവുണ്ടായപ്പോൾ കൈകെയിയോട് അദ്ദേഹത്തിനുണ്ടായ ദേഷ്യം കുറയുകയും ചെയ്തു. ഇതു നമുക്കും പഠമാകേണ്ടതാണ്..ഇങ്ങനെ പല പല സന്ദർഭങ്ങൾ രാമായണത്തിൽ കാണാം. നമ്മുടെ പൂർവികർ ഇപ്രകാരമാണ് സനാതനധർമ്മത്തെ നമ്മളിലേക്ക് എത്തിച്ചിരുന്നത്.നമ്മൾ കുട്ടിക്കാലത്ത് ആമയും മുയലും പന്തയം വെച്ച കഥ കേട്ടിട്ടില്ലേ. അതിന്റെ അവസാനം ഒരു ഗുണപാഠവും. Slow and steady wins the race എന്നു.......ഈ ഗുണപാഠം ഉൾക്കൊള്ളാനാണ് കഥ പറയുന്നത് ...അല്ലേ ? അതുപോലെ രാമായണത്തിൽ നിന്നും ഒരുപാട് തത്വങ്ങൾ നമുക്ക് ഉൾക്കൊള്ളാൻ ഉണ്ട്. "രാമരാജ്യം" വരണമെന്ന് നമ്മൾ ഇന്നും പറയുന്നു എന്തെന്നാൽ ...അത്രയും ധർമ്മത്തിൽ അധിഷ്ഠിതമായ ഒരു ഭരണകർത്താവായിരുന്നു ശ്രീരാമൻ.

മഹാഭാരതത്തിൽ നിന്നും ഇതുപോലെ ഒരുപാട് ഗ്രഹിക്കാനുണ്ടു. വിസ്താരഭയം കൊണ്ട് ഞാൻ അതിനെ ഇവിടെ നിർത്തുന്നു. എങ്കിലും മഹാഭാരതത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഭഗവദ്ഗീതയെ കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. ശ്രീകൃഷ്ണഭഗവാൻ നേരിട്ട് അർജുനനെ നിമിത്തമാക്കി നിർത്തി

മനുഷ്യരാശിക്കാകമാനം ഉപദേശിച്ച ജീവിതതത്വങ്ങളാണ്....സത്യങ്ങളാണ് അഥവാ വേദാന്ത ശാസ്ത്രമാണ് ഭഗവദ്ഗീത....ഇതു മാത്രം പഠിച്ചാലും നമുക്ക് സനാതനധർമം എന്തെന്ന് മനസ്സിലാകും. നമ്മുടെ ജന്മത്തിന്റെ ഒരു ആവശ്യം കൂടിയാണതു..

## പുരാണങ്ങൾ

പുരാണങ്ങൾ പൊതുവേ മഹാ പുരാണങ്ങൾ എന്നും ഉപപുരാണങ്ങൾ എന്നും രണ്ടു വിഭാഗമുണ്ട്. ഇവയിൽ അഷ്ടാദശ(18) മഹാ പുരാണങ്ങൾ ആണ് പ്രാമാണികമായുള്ളത്. ബ്രഹ്മപുരാണം , പത്മപുരാണം , വിഷ്ണുപുരാണം , ലിംഗപുരാണം , ശിവപുരാണം , നാരദപുരാണം , മാർക്കണ്ഡേയപുരാണം , ഭവിഷ്യപുരാണം , ബ്രഹ്മവൈവർത്തപുരാണം , സ്കന്ദപുരാണം വാമനപുരാണം , കൂർമ്മപുരാണം ,ആഗ്നേയപുരണം , മത്സ്യപുരാണം , ഗരുഡപുരാണം , ബ്രഹ്മാ ണ്ഡപുരാണം , വരാഹപുരാണം , ഭാഗവതപുരാണം എന്നിങ്ങനെയാണ്. ഇവയെല്ലാംതന്നെ വേദവിശദീകരണത്തിനായി രചിക്കപ്പെട്ടവയാണ്. ഇതു സൃഷ്ടി , പ്രളയം , രാജവംശം , ഋഷിവംശം മന്വന്തരാദി കാലഗണന എന്നീ അഞ്ചു കാര്യങ്ങളുടെ വർണ്ണനയോടെയുള്ള ലക്ഷണത്തോടോത്തതാണ്.വേദവ്യാസമ ഹർഷി എഴുതിയ ഈ പതിനെട്ട് പുരാണങ്ങളിൽ ഏറ്റവും അവസാനം രചിച്ചതാണത്രേ ഭാഗവതപുരാണം.

അതിനു പുറകിൽ ഒരു കഥ പറയുന്നതിങ്ങനെയാണ്.
ഈ പ്രപഞ്ച സത്യങ്ങളെ എല്ലാം ഉൾപ്പെടുത്തി 17 പുരാണങ്ങൾ രചിച്ചിട്ടും വേദവ്യാസമഹർഷിയുടെ മനസ്സിന് ഒരു സന്തോഷമോ സംതൃപ്തിയോ ഉണ്ടായില്ല. താൻ മാനവജാതിയുടെ സമാധാനത്തിനും സന്തോഷത്തിനും അതിലുപരി അവരുടെ മനസ്സുകളെ പരമമായ ലക്ഷ്യത്തിലേക്ക് ഉയർത്തുന്നതിനുമായി ഒന്നും ചെയ്തില്ലെന്ന തോന്നൽ. ഇങ്ങനെ വിഷണ്ണനായി ഇരിക്കുന്ന വേദവ്യാസമഹർഷിയുടെ മുന്നിലേക്ക് നാരദമഹർഷി വന്നുചേർന്നു. വേദവ്യാസമഹർഷിയുടെ വിഷാദത്തിന് കാരണമന്വേഷിച്ച നാരദരോട് അദ്ദേഹം മനസ്സു തുറന്നു .കാര്യം കേട്ട മാത്രയിൽ നാരദർ പറഞ്ഞു "താങ്കൾ വേദാന്ത തത്വങ്ങൾ മുഴുവൻ എഴുതി...എന്നാൽ മനസ്സിനെ ഭക്തി തലത്തിലേക്ക് ഉയർത്തുവാൻ...... വാസുദേവനെ കുറിച്ചുമാത്രം എഴുതിയില്ല ....പണ്ട് ഭഗവാൻ തന്നെ എന്റെ പിതാവായ ബ്രഹ്മാവിന് ഉപദേശിച്ചുകൊടുത്ത ചതുശ്ലോകീ ഭാഗവതം ഞാൻ പറഞ്ഞുതരാം...അതു വിപുലീകരിച്ചു മനുഷ്യമനസുകളെ ഭക്തിയിലൂടെ ആ വാസുദേവനിലേക്കു ആകർഷിപ്പിക്കാനും അലിയിപ്പിക്കാനും ഭഗവത് ലീലകളെ കൊണ്ടു നിറക്കു..ഭക്തിയാൽ ആനന്ദപുളകിതമാകട്ടെ മനുഷ്യമനസ്സുകൾ... അങ്ങനെയാണ് വേദവ്യാസമഹർഷി ഭാഗവതപുരണം രചിച്ചത്...

ഹിമാലയത്തിലുള്ള ബദരീനാഥ് ക്ഷേത്രത്തിനടുത്തു 'മന' എന്നൊരു ഗ്രാമമുണ്ട്.സരസ്വതീനദിയുടെ പ്രഭവസ്ഥാനമാണ തു.അതിനടുത്തു വേദവ്യാസ ഗുഹ ഗണപതി ഗുഹ എന്ന രണ്ട് ഗുഹകളുണ്ട്. ഈ വേദവ്യാസ ഗുഹയിലിരുന്നാണ് മഹർഷി ഭാഗവതം രചിച്ചത്.വേദവ്യാസൻ പറഞ്ഞുകൊടുത്തു ഗണപതി എഴുതിയെടുത്തു അത്രേ. എഴുതാൻ തുടങ്ങുമ്പോൾ ഗണപതി പറഞ്ഞു ഇടയ്ക്ക് വച്ച് നിർത്തരുത്....എന്നു. അപ്പോൾ മഹർഷിയും പറഞ്ഞു എഴുത്തും നിർത്തരുത് എന്നു... എഴുതിവന്നപ്പോൾ ഗണപതിയുടെ തൂലികയിലെ മഷി തീർന്നപ്പോൾ തന്റെ തന്നെ ഒരു കൊമ്പൊടിച്ച് അതുകൊണ്ട് എഴുത്ത് തുടർന്നു എന്നു കഥകൾ..... ഏതായാലും ഭാഗവതം ഭഗവാന്റെ അവതാരങ്ങളെ കുറിച്ചും കൃഷ്ണലീലകളെക്കുറിച്ചും എല്ലാം ധന്യമായ ഗ്രന്ഥമാണ്. അതുകൊണ്ട് തന്നെ ഇന്നും ഏറെ പ്രസക്തിയുണ്ട്.....

## പ്രപഞ്ചസത്യം

പ്രപഞ്ചസത്യവും താൻ ആരെന്ന യാഥാർത്ഥ്യവും തേടിപ്പോയ ഋഷീശ്വരന്മാർ കണ്ടെത്തിയത് .....ഈ പ്രപഞ്ചം എന്നതു പഞ്ചീകരിക്കപ്പെട്ട പഞ്ചഭൂതങ്ങളും (ആകാശം, വായു, അഗ്നി, ജലം, ഭൂമി )ഒരു പൂർണ്ണബോധശക്തിയും കൂടിയതാണ് എന്നാണ്. അതായത് പ്രപഞ്ചം എന്നത് പഞ്ചഭൂതശക്തികൾ(cosmic energy) ആണെങ്കിലും ഒരു പൂർണബോധ ശക്തിയിലാണ്(conscious energy) ഇതൊക്കെ നിലകൊള്ളുന്നതെന്ന് സാരം. ഇത് വെളിവാക്കുന്നതായിരുന്നു "ചതുശ്ലോകീ ഭാഗവതം"...അതിലെ ആദ്യത്തെ ശ്ലോകം തന്നെ ഇങ്ങനെയാണ്....

**അഹമേവാസമേവാഗ്രെ**
**നാന്യദ്യത് സദസത്പരം**
**പശ്ചാദഹം യദേതച്ച**
**യോവശിഷ്യേത സോസ്മ്യഹം..**

*(ഭാഗവതം...സ്കന്ധം2...അദ്ധ്യായം9....ശ്ലോകം3 2)*

ഈ പ്രപഞ്ച സൃഷ്ടിക്ക് മുൻപും ഈ സൃഷ്ടിയിലും സൃഷ്ടിക്കു ശേഷവും "ഞാൻ" മാത്രമേ ഉണ്ടായിരുന്നുള്ളൂ.
സത്തിനും(അനശ്വരമായതിനും) അസത്തിനും(നശ്വരമായതിനും) ഉപരിയായി ഈ ലോകരൂപങ്ങളെല്ലാമായി കാണപ്പെടുന്നത് യാതൊന്നോ അതു "ഞാൻ"തന്നെ.അതായത് എനിക്ക് ആദിയും അന്തവും ഇല്ല...എന്നെക്കൂടാതെ അന്യമായി ഒന്നും ഇല്ല...."ഞാൻ" ത്രികാലവ്യാപിയായ പരിപൂർണ്ണൻ ആണു.... എന്ന് സാരം.
അതുതന്നെ ഭഗവത് ഗീതയിലും ഭഗവാൻ അർജ്ജുനനോട് പറയുന്നു വേറൊരു രൂപത്തിൽ.....

**അഹം ആത്മ ഗുഡാ കേശാ**
**സർവ്വഭൂതാശയസ്ഥിതാഃ**
**അഹമാദിശ്ച ച മധ്യം ച**
**ഭൂതാനാം അന്തമേവ ച.**
*(ഭഗവത് ഗീത..അധ്യായം 10....ശ്ലോകം 20)*

അതായത് പഞ്ചഭൂതനിർമിതമായ എല്ലാ ജീവികളിലും "ഞാൻ" ആത്മാവായി ...ഉണ്മയായി വസിക്കുന്നു ...എന്നാൽ "ഞാൻ"എന്നത് ആ സൃഷ്ടിക്കു മുൻപും സൃഷ്ടിയിലും സൃഷ്ടിക്കു ശേഷവും പരിപൂർണമായി നിലകൊള്ളുന്നു എന്നും.... ഈ രണ്ടു ശ്ലോകങ്ങളിൽക്കൂടി നമ്മുടെ ഋഷീശ്വരന്മാർ അവനവനെ കുറിച്ചും ഈശ്വരനെക്കുറിച്ചുമെല്ലാം നമുക്ക് വിശദീകരിച്ചു തരുന്നു.....ഈ "ഞാൻ" ആരെന്നു നമുക്ക് വിശദമായി അറിയേണ്ടിയിരിക്കുന്നു....
തുടരും..

## പ്രകൃതിയും പുരുഷനും

ചതുശ്ലോകി ഭാഗവതത്തിന്റെ രണ്ടാമത്തെ വരി ഇങ്ങനെയാണ്.

**ഋതേർത്ഥം യത് പ്രതീയേന**
**ന പ്രതീയേന ചാത്മനി**
**തദ്വിദ്യാദാത്മനോ മായാം**
**യഥാഭാസോ യഥാ തമഃ**

മായാ സ്വരൂപം എന്താണെന്ന് ഉപദേശിക്കണമെന്ന ബ്രഹ്മാവിന്റെ അഭ്യർത്ഥനയനുസരിച്ച് ആ മായാസ്വരൂപത്തെ വിശദീകരിച്ചു കൊടുക്കുകയാണ് ഈ ശ്ലോകത്തിൽക്കൂടി മായാനാഥനായ ഭഗവാൻ. നമ്മൾ ഇന്ന് "ഞാൻ" എന്ന് വ്യവഹരിക്കുന്നത് ശരീരത്തിന്റെയും മനസ്സിന്റെയും എല്ലാം തലങ്ങളിലാണ്. ഞാൻ സ്ത്രീ-പുരുഷൻ , അല്ലെങ്കിൽ സുഖിമാൻ... ദുഃഖിതൻ..ഡോക്ടർ എൻജിനീയർ എന്നൊക്കെ പറയുമ്പോൾ.... സ്ത്രീ , പുരുഷൻ എന്നത് ശരീരതലത്തിലും , സുഖിമാൻ ..ദുഃഖിതൻ എന്നൊക്കെ പറയുമ്പോൾ അതു മനസ്സിന്റെ തലത്തിലുമാണ്. ഞാൻ അന്ധൻ മൂകൻ എന്നൊക്കെ പറഞ്ഞാൽ അതു ഇന്ദ്രിയ തലത്തിലായി.

ഞാൻ ഒരു എഞ്ചിനീയർ, ഡോക്ടർ എന്നൊക്കെ പറഞ്ഞാൽ അതൊരു സ്ഥാനം മാത്രമാണ്. ഇതൊന്നും തന്നെ നമ്മുടെ ഉള്ളിൽ പൂർണ്ണബോധമായിരിക്കുന്ന ആത്മാവിന് ബാധകമല്ല.
അതുകൊണ്ടുതന്നെ അതിന് ഒരു ധർമ്മവും അതിലില്ല. ആത്മാവിലില്ലാത്ത ശരീര മനോ ഇന്ദ്രിയങ്ങളിലൂടെ നാം നമ്മളെ "ഞാൻ" എന്നു വ്യവഹരിക്കാൻ തക്കവിധം ബുദ്ധിയെ മോഹിപ്പിക്കുന്ന ശക്തിയാണ് "മായാ" എന്ന് പറയുന്നത്.
അതായത് എന്റെ പേന , എന്റെ പുസ്തകം....ഇതെല്ലാം എപ്രകാരം എന്നിൽ നിന്ന് വേറിട്ട് നിൽക്കുന്നുവോ....അത് ഞാനല്ലയോ...... അതുപോലെയാണ് എന്റെ ശരീരം എന്റെ ദുഃഖം എന്റെ മനസ്സ് എന്നൊക്കെ പറയുന്നതും. സത്യത്തിൽ അതൊന്നും ഞാനല്ല, മറിച്ചു എന്നിൽ ആരോപിക്കപ്പെടുന്നു (That belongs to me) എന്നുമാത്രം.. എന്നാൽ അതെല്ലാം ഞാനെന്നു തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു.

യഥാർത്ഥ "ഞാൻ" ഇതിനെയെല്ലാം പ്രകാശിപ്പിക്കുന്ന..... എന്നാൽ ഇതിൽ നിന്നെല്ലാം വ്യതിരിക്തമായി നിൽക്കുന്ന "നിത്യ മുക്ത ശുദ്ധ ബോധം" മാത്രമാണ്. ഈ ബോധത്തെ "പുരുഷൻ" എന്നും ശരീര മനോ ഇന്ദ്രിയങ്ങളെ "പ്രകൃതി"എന്നും പറയുന്നു. ഈ പ്രകൃതിയാണ് "മായ".

പുരുഷൻ അനശ്വരമാണ്... മാറ്റമില്ലാത്തതാണ്..... സത്താണ്.... ആത്മാവാണ്... എന്നാൽ ഈ പ്രകൃതി നിരന്തരം മാറ്റത്തിന് വിധേയമാണ്.. ഇതാണ് നേരത്തെ പറഞ്ഞ conscious energy യും cosmic energy യും....

## പ്രകൃതിയും പഞ്ചഭൂതങ്ങളും

ചതുസ്ലോകീ ഭാഗവതത്തിൽ അടുത്ത ശ്ലോകം ഇങ്ങനെ..

**യഥാ മഹാന്തി ഭൂതാനി**
**ഭൂതേഷൂച്ചാവചേഷ്വനു**
**പ്രവിഷ്ടാന്യപ്രവിഷ്ടാനി**
**തഥാ തേഷു ന തേഷ്വഹം**

പഞ്ചഭൂത നിർമ്മിതിയിൽ എല്ലാം "ഞാൻ" ജീവരൂപേണ ഇരിക്കുന്നെങ്കിലും ഞാൻ സത്യത്തിൽ അതിലൊന്നും ഇല്ല.... മറിച്ചു അവയൊക്കെ എന്നിലാണ്... അതായത് ഈ ബോധശക്തിയിൽ ഉണ്ടായി നിലനിന്നു മറഞ്ഞു പോകുന്നതാണ് പ്രകൃതി... എന്നു...ഈ തത്വം ആണ് കൃഷ്ണലീലയിലൂടെ ...മണ്ണ് തിന്ന കൃഷ്ണനെ ശാസിക്കാൻ വരുന്ന യശോദാദേവിക്കു വായ് പിളർന്നു കാണിച്ചുകൊടുക്കുമ്പോൾ.....ആ കൊച്ചുവായിൽ ഈ പ്രപഞ്ചത്തെ മുഴുവൻ കാട്ടിക്കൊടുക്കുന്നത്.....എല്ലാം ആ ബോധശക്തിയായ ഈശ്വരനിലാണ് ഇരിക്കുന്നതെന്ന...സന്ദേശം..

ഭഗവാൻ ഗീതയിൽ കൂടി പറയുന്നു....

**ഭൂമിരാപോനലോ വായു**
**ഖം മനോ ബുദ്ധിരേവ ച**
**അഹങ്കാരമിതീയം മേ**
**ഭിന്നാ പ്രകൃതി അഷ്ടധാഃ**

**(ഗീത അദ്ധ്യായം 7....ശ്ലോകം..4)**

**ഭൂമി, വായു, ജലം, വഹ്നി**
**വ്യോമം, ബുദ്ധി, മനസ്സു മേ**
**അഹങ്കാര ,മീതേമട്ടി-**
**ലെട്ടൻ പ്രകൃതിഭിന്നമായ്**
**(മലയാള ഭാഷാഗീത)**

ഇതിനർത്ഥം.... പഞ്ചഭൂതങ്ങളായ ആകാശം , വായു , അഗ്നി , ജലം ഭൂമി , പിന്നെ മനസ്സു , ബുദ്ധി , അഹങ്കാരം ഇതെല്ലാം എന്റെ പ്രകൃതിയാണെന്നു...

ഗീതയിൽതന്നെ വേറൊരു ശ്ലോകത്തിൽ പറയുന്നുണ്ട്....
മായാധ്യക്ഷേണ പ്രകൃതി സൂയതെ സചാരാചാരം
(എന്റെ അധ്യക്ഷതയിൽ പ്രകൃതി സർവ ചരാചരങ്ങളെയും പ്രസവിക്കുന്നു) എന്നു.....അതിനർത്ഥം... പ്രകൃതി പ്രവർത്തിക്കണമെങ്കിൽ ഈ ബോധശക്തി കൂടിയേ തീരൂ.... അതായത് ഈ പ്രകൃതി എട്ടും ആ ബോധശക്തിയിൽ ഉണ്ടായി നിലനിന്നു മറഞ്ഞു പോകുന്നതാണെന്നു...

## അഹം ബ്രഹ്മാസ്മി

ചതുശ്ലോകീ ഭാഗവതം അവസാനത്തെ ശ്ലോകം ഇതാണ് .....

**ഏതാവദേവ ജിജ്ഞാസ്യം**
**തത്വജിജ്ഞാസു നാത്മനഃ**
**അന്വയവ്യതിരേകാഭ്യാം**
**യത് സ്യാത് സർവ്വത്ര സർവദാ..**

ചതുശ്ലോകീ ഭാഗവതം എന്നാൽ നാല് ശ്ലോകങ്ങളുള്ള ഭാഗവതം എന്നർത്ഥം. കഴിഞ്ഞ മൂന്ന് ശ്ലോകത്തിൽ കൂടി പുരുഷൻ എന്താണെന്നും പ്രകൃതി എന്താണെന്നും അതു തമ്മിലുള്ള ബന്ധം എന്താണെന്നും പറഞ്ഞു കഴിഞ്ഞു. ഈ ശ്ലോകത്തിൽ പറയുന്നത് ആത്മതത്വത്തെ അറിയണമെന്ന് ആഗ്രഹിക്കുന്നവർ ഈ പുരുഷ പ്രകൃതികളെ അതിന്റെ അന്വയ വ്യതിരേക ഭാവത്തിൽ വിചാരം ചെയ്തു , മനനം ചെയ്തു അറിയേണ്ടതാകുന്നു എന്നാണ്. അതിനെ 'നിത്യാനിത്യ വിവേകം' എന്നു വിവേക ചൂടാമണിയിൽ പറയും. നിത്യവും (അനശ്വരം) അനിത്യവും (നശ്വരം) ഏത് എന്നുള്ള തിരിച്ചറിവു. അതായത് ജാഗ്രദാവസ്ഥയിൽ ദേഹാദികളോട്..... പ്രകൃതിയോട് ചേർന്നും (അന്വയം)...സമാധി അവസ്ഥയിൽ ദേഹാദികളെ വിട്ടും (വ്യതിരേകം) നിൽക്കുന്ന പുരുഷനെ കുറിച്ച് അറിയുക. അതാണ് ജീവന്റെ പരമമായ ലക്ഷ്യം.

ഈ പറഞ്ഞതിനെ ഒക്കെ മനസ്സിലാക്കി മനനം ചെയ്തു ലക്ഷ്യത്തിലെത്തിയാൽ "അഹം ബ്രഹ്മാസ്മി" (ഞാൻ ബ്രഹ്മം തന്നെയാകുന്നു.) എന്ന പദത്തിലെത്തും. അതാണ് ആത്മസാക്ഷാത്കാരം.. അതു അത്ര എളുപ്പമായ കാര്യമല്ല. അതിനുള്ള മാർഗങ്ങളാണ് നമ്മുടെ ശാസ്ത്രങ്ങളെല്ലാം വിവരിക്കുന്നത്. നാരദർ , ഈ തത്വങ്ങളെ ഭഗവാന്റെ അവതാരക ഥകളുടെയും ലീലകളുടെയും സഹായത്താൽ ഭക്തിരസപ്രധാനമായി വിപുലീകരിച്ചു മനുഷ്യരെ ഈ തത്വത്തിലേക്കു കൊണ്ടുവരാനാണ് വ്യാസമഹർഷിയോട് പറഞ്ഞതു.
ഈ നാലു ശ്ലോകത്തിന്റെ സംഗ്രഹം ഇതാണ്.

ഈ പ്രപഞ്ചം എന്ന് പറയുന്നത് പുരുഷനും (infinite conscious intelligence)പ്രകൃതിയും (cosmic energy) ചേർന്നതാണ്....ബോധ ശക്തിയും പ്രകൃതി ശക്തിയും.....പ്രകൃതിക്ക് ഒറ്റയ്ക്ക് അസ്തിത്വമില്ല.(existence) ബോധമണ്ഡലത്തിൽ ആണ് ഇതെല്ലാം പ്രകടമാകുന്നതു. ഈ ബോധമണ്ഡലത്തെ...പുരുഷനെ "ബ്രഹ്മം" "ഈശ്വരൻ" "ഭഗവാൻ" എന്നൊക്കെ പറയുന്നു.
അത് ഭാഗവതത്തിലെ ഈ ശ്ലോകത്തിൽ കൂടി വ്യക്തമാക്കുന്നുണ്ടു.
(ഭാഗവതം. സ്കന്ധം 1...അധ്യായം 2 ശ്ലോകം..11

**വദന്തി തത്തത്ത്വവിദ സ്തത്വം**
**യജ്ജ്ഞാനമദ്വയം**
**ബ്രഹ്മേതി പരമാത്മേതി**
**ഭഗവാൻ ഇതി ശബ്ദ്യതേ..**

അദ്വയമായ ഈ പരമാത്മതത്വജ്ഞാനത്തെ അറിയുന്ന ഋഷികൾ ഈ പുരുഷനെ "ബ്രഹ്മ"മെന്നും "പരമാത്മാ"വെന്നും "ഭഗവാൻ"എന്നുമെല്ലാം പറയുന്നു. .

## പ്രകൃതിയുടെ പരിപാലനം

നമ്മുടെ ഋഷീശ്വരന്മാർ അവരുടെ ധ്യാനാവസ്ഥയിൽ, ഈ ബ്രഹ്മാണ്ഡത്തിൽ ഉള്ളതെല്ലാം പിണ്ഡാണ്ഡത്തിലും ( ഓരോ അണുവിലും ) ഉണ്ടെന്നുള്ള സത്യത്തെ കണ്ടെത്തിയവരാണ്. സകല ചരാചരങ്ങളും ഈ പുരുഷ പ്രകൃതി ശക്തിക്കുള്ളിലാണ് നിലനിൽക്കുന്നതെന്നും ആ ശക്തി അനന്തമാണെന്നും മനുഷ്യനാൽ നിയന്ത്രിക്കപ്പെടാൻ സാദ്ധ്യമാകുന്നതല്ലെന്നും അവർ തിരിച്ചറിഞ്ഞു. നമ്മുടെ ജീവസന്ധാനത്തിനു ആധാരമായിട്ടുള്ള ഈ ശക്തികളെയും അവർ ഈശ്വരന്മാരായി കണ്ടു ആരാധിച്ചു പോന്നു. വായു ദേവൻ, വരുണ ദേവൻ, അഗ്നി ദേവൻ, ഭൂമി ദേവി എന്നൊക്കെയായാണ് ഈ പഞ്ച ഭൂതങ്ങളെ ആരാധിച്ചിരുന്നത്.

**സമുദ്ര വസനേ ദേവി**
**പർവതസ്തനമണ്ഡലേ**
**വിഷ്ണു പത്നീ നമസ്തുഭ്യം**
**പാദസ്പർശം ക്ഷമസ്വമേ.**

രാവിലെ എഴുന്നേൽക്കുന്ന സമയത്തു ആദ്യമായി ഭൂമിയിൽ കാൽ വയ്ക്കുന്നത് തന്നെ ഇങ്ങനെ ഒരു പ്രാർത്ഥനയോടെയായിരുന്നു അവർ. ഭൂമിമാതാവായ ദേവിയോട് അനുവാദം ചോദിക്കലാണത്. പ്രകൃതി ശക്തികളോട് മുഴുവനും ആ ഒരു മനോഭാവം ആയിരുന്നു. അതു കൊണ്ട് തന്നെ വായുവും, ജലവും, ഭൂമിയും എല്ലാം അന്ന് ശുദ്ധമായി ,പവിത്രമായി ഇരുന്നിരുന്നു. എന്നാൽ കാലക്രമേണ നമ്മൾ പാശ്ചാത്യ വിദ്യാഭ്യാസ രീതിയുടെ അടിമത്തത്തിൽ പെട്ടുപോയതിനാൽ ഈ സംസ്കാരം നമ്മിൽ നിന്നും അകന്നുപോവുകയും ഇന്ന് കാണുന്ന ദുരവസ്ഥയിലേക്കു എത്തുകയും ചെയ്തു. ഇതെല്ലാം മുൻകൂട്ടി കണ്ടിട്ടെന്നവണ്ണം ഭഗവാൻ ഗീതയിൽ കൂടി പറയുന്നുണ്ട് :

**ദേവാൻ ഭാവയതാനേന**
**തേ ദേവാ ഭാവയന്തു വ:**
**പരസ്പരം ഭാവായന്ത:**
**ശ്രേയ പരമവാപ്സ്യഥ**
*(ഗീത....അദ്ധ്യായം....3...ശ്ലോകം....11)*

അതായത് ഈ പ്രകൃതി ശക്തികളെ മലീമസപെടുത്താതെ വേണ്ട വണ്ണം പരിപാലിച്ചാൽ ആ ദേവന്മാർ നമ്മളെയും പരിപാലിച്ചു കൊള്ളും.അങ്ങനെ ഭൂമിയിൽ എല്ലാ ജീവിജാലങ്ങൾക്കും പരസ്പരസഹായത്തോടെ ശ്രേയസ്കരമായി ജീവിക്കാം എന്നു. ഇന്നത്തെ കാലത്തു ഏറ്റവും പ്രസക്തമായൊരു ശ്ലോകമാണിത്.

## മനസ്സ്, ബുദ്ധി, ചിന്തകൾ

നാം ഓരോരുത്തരും ഈ പുരുഷപ്രകൃതി സംയോഗങ്ങളാൽ രൂപപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ജീവിക്കുന്ന, ഭൂമിയിലെ ആഹാരം കൊണ്ട് നിലനിൽക്കുന്ന അഥവാ പോഷിപ്പിക്കപ്പെടുന്ന ഈ ശരീരം ഭൂമിയോട് ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ നമ്മുടെ ശരീരത്തിന്റെ 80% വും ജലമാണ്.അത് പുറമേയുള്ള ജലസ്രോതസുകളോടും ബന്ധപ്പെട്ടിരിക്കുന്നു. നമ്മിലെ പ്രാണവായു അന്തരീക്ഷ വായു മണ്ഡലത്തോടും ചൂട് അന്തരീക്ഷ ഊഷ്മാവിനോടും ബന്ധപ്പെട്ടിരിക്കുന്നു. ആകാശം അഥവാ Space പുറമേയുള്ള പോലെ നമ്മുടെ ഉള്ളിലും ഉണ്ട്. ഇങ്ങനെ നോക്കിയാൽ നമ്മുടെ ശരീരത്തിന്റെ നിലനിൽപ്പ് ഈ പ്രകൃതിയിലാണെന്നു കാണാം. അതുപോലെ അദൃശ്യങ്ങളായ നമ്മുടെ മനസ്സ് , ബുദ്ധി ,ചിന്തകൾ ഇവയെല്ലാം പുരുഷനോടും ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെയെല്ലാം ഉറവിടം (Source) പൂർണ്ണ ബോധശക്തിയാണ്. ഗീതയിൽ ഭഗവാൻ പറയുന്നുണ്ട്.

**മമൈവാംശോ ജീവലോകേ**
**ജീവഭൂതഃ സനാതനഃ**
**മനഃഷഷ്ഠാനീന്ദ്രിയാണി**
**പ്രകൃതിസ്ഥാനീ കർഷതി**
***(ഗീത അദ്ധ്യായം 15 ശ്ലോകം 7)***

**ജീവനായ്തോന്നിടും ശക്തി-**
**ഭാവമെൻ ഭാഗമവ്യയം**
**ക്ഷേത്രാംശമിന്ദ്രിയം സർവ്വം**
**വലിപ്പൂതന്നിലേക്കവൻ**
***(മലയാള ഭാഷാ ഗീത)***

ഈ മനസും ബുദ്ധിയും ചിന്തകളുമെല്ലാം പ്രകൃതിക്കനുസരിച്ച് ചലിക്കുന്നവയാണെങ്കിലും "എന്റെ" തന്നെ അംശമാണെന്ന്. അതായത്

ഇതിനൊക്കെ ഉൺമ കൊടുക്കുന്നത് , അതിന്നാധാരമായ് ......ഒരു ജീവനായ് നിലനിർത്തുന്നത് ഈ ബോധശക്തി തന്നെയാണ്. നമ്മുടെ വ്യക്തിത്വം എന്ന് പറയുന്നത് ശരീരം, മനസ്, ബുദ്ധി .....ഇവയെ ചൈതന്യവത്താക്കുന്ന ബോധശക്തി എന്നിവ കൂടിയാണ്. അങ്ങനെ നാം എല്ലാം ഈ പുരുഷപ്രകൃതി ശക്തികളുടെ ഭാഗമാണെങ്കിൽ നാം എല്ലാവരും ഒരുപോലെത്തന്നെ ഇരിക്കേണ്ടത് അല്ലേ ?എന്നാൽ നമ്മൾ ഓരോരുത്തരും തികച്ചും വ്യത്യസ്തരല്ലേ....എന്തുകൊണ്ട്..? ചിന്തിച്ചിട്ടുണ്ടോ...? അവിടെയാണ് നമ്മൾ മനസിനെക്കുറിച്ചും അതിന്റെ ഗുണഘടനെയെക്കുറിച്ചുമെല്ലാം പഠിക്കേണ്ടതിന്റെ ആവശ്യകത. ഈ മനസാണ്....നമ്മുടെ സ്വാഭാവമാണ്.. ഒരാളെ മറ്റൊരാളിൽ നിന്നും വ്യത്യസ്തനാക്കുന്നത്..

## ഗുണങ്ങൾ

ഓരോ മനുഷ്യനും വ്യത്യസ്തനായിരിക്കുന്നതു അവന്റെ സ്വഭാവം കൊണ്ടാണ്. ഈ സ്വഭാവം രൂപീകരിക്കുന്നത് അവനിലെ സത്വഗുണം , രജോഗുണം , തമോഗുണം ...എന്നീ മൂന്നു ഗുണങ്ങളാണ്. ഏതൊരു സൃഷ്ടിയിലും ഈ മൂന്നു ഗുണങ്ങളും കാണാം. അതു പ്രകൃതിയുടെയാണ്. എന്നാൽ ഓരോരുത്തരിലും അതിന്റെ അനുപാതത്തിനു വ്യത്യാസം ഉണ്ടാകും. ചിലരിൽ സത്വഗുണം ഏറിയും മറ്റു രണ്ട് ഗുണങ്ങൾ കുറഞ്ഞും ഇരിക്കും. മറ്റു ചിലരിലാകട്ടെ രജോഗുണമായിരിക്കും ഉയർന്നു നിൽക്കുന്നത്. വേറൊരു കൂട്ടർ തമോ ഗുണത്തിന് അടിമപെട്ടവരായിരിക്കും. ആ ഗുണമായിരിക്കും അവരിൽ ഉയർന്നു നിൽക്കുക. സനാതന ധർമ്മത്തിലെ മുഖ്യ ഘടകമാണ് വർണാശ്രമ സങ്കൽപ്പം. ഇതു ഓരോരുത്തരുടെയും മനസ്സിന്റെ ഗുണ ഘടനയ്ക്ക് അനുസരിച്ചു സ്വാഭാവികമായിട്ടുള്ള തരംതിരിവാണ്. ഭഗവത് ഗീതയിൽ ഭഗവാൻ അതു എടുത്തു പറയുന്നുണ്ട്.

**ചാതുർ വർണ്ണ്യം മയാ സൃഷ്ടം**
**ഗുണകർമ്മ വിഭാഗശ:**
**തസ്യ കർത്താരമപി മാം**
**വിദ്ധ്യകർത്താരമവ്യ യം.**
***(ഗീത... അദ്ധ്യായം. 4***
***ശ്ലോകം....13)***

**ഗുണകർമ്മതരം നോക്കി**
**ഗണം നാലുളവാക്കി ഞാൻ**
**കർത്തവ്യഭാവമെനിക്കില്ല**
**കർത്താവെങ്കിലുമവ്യയൻ**
***(മലയാളഭാഷാ ഗീത)***

അതായത് ചാതുർ വർണ്ണ്യം ( ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര ) എന്നത് ഓരോരുത്തരുടെയും ഗുണകർമ്മങ്ങൾക്കനുസരിച്ചു ഭഗവാനാൽ സൃഷ്ട്ടിക്കപെട്ടതാണെന്ന്.ചുരുക്കി പറഞ്ഞാൽ ഒരുവന്റെ മനസിന്റെ ഗുണവും അവന്റെ കർമ്മവുമാണ് അവൻ ഏതു വർണ്ണാശ്രമത്തിൽ അഥവാ ഏതു ജാതിയിൽ പെടുന്നവൻ എന്ന് തീരുമാനിക്കുന്നത്. അല്ലാതെ ഇന്നത്തെ പോലെ ജന്മം കൊണ്ട് ഉണ്ടായ ജാതി വ്യവസ്ഥ അല്ല.
ഇവിടെ വർണ്ണം എന്നതിന് നിറം എന്നും അർത്ഥം ഉണ്ട്. യോഗശാസ്ത്രത്തിൽ ഈ ത്രിഗുണങ്ങൾക്കു മൂന്നു നിറങ്ങളും കല്പിച്ചിട്ടുണ്ട്. സത്വ ഗുണത്തിന് വെളുപ്പ്, രാജോ ഗുണത്തിന് ചുവപ്പ്, തമോ ഗുണത്തിന് കറുപ്പു എന്നിങ്ങനെയാണത്. മനുഷ്യന്റെ ചിത്തവൃത്തികളെല്ലാം അവനിലുള്ള ഈ ഗുണത്തിന് അനുസരിച്ചാണ് ഉണ്ടാകുന്നത്. അവന്റെ ഓരോ പ്രവൃത്തികളും , അതുപോലെ അവന്റെ പരിതസ്ഥിതികളോടും അനുഭവങ്ങളോടുമെല്ലാമുള്ള പ്രതികരണവും എല്ലാം അവനിലെ ഈ ഗുണങ്ങൾക്കനുസരിച്ചായിരിക്കും. ഈ മൂന്നു ഗുണങ്ങളെ പറ്റിയും വിശദമായി മനസ്സിലാക്കുവാൻ ഉണ്ട്.

## ഗുണങ്ങളിൽ നിന്നും സ്വഭാവം

മായാധിപനായ പുരുഷനിൽ നിന്നു കൊണ്ടാണ് ത്രിഗുണാത്മികയായ മായാദേവി അഥവാ പ്രകൃതി സൃഷ്ടി നടത്തുന്നത്. അങ്ങനെ സൃഷ്ടമാകു ന്ന എല്ലാ ജീവജാലങ്ങളിലും ഈ സത്വ രജ തമോ ഗുണങ്ങളും ഉണ്ട്.
അതുകൊണ്ട് തന്നെ ഓരോ ജീവനും ഈ മൂന്നു ഗുണങ്ങളുടെയും സ്വഭാവവും ഉണ്ടാകും. ഒരു ജീവനിൽ ഏതു ഗുണമാണോ വർദ്ധിച്ചിരിക്കുന്നത് അതിനു അനുസരിച്ചായിരിക്കും ആ ജീവന്റെ പ്രവർത്തികളും കർമ്മാനുഷ്ഠാനങ്ങളും എല്ലാം. ഈ കർമ്മവൈജാത്യമനുസരിച്ചാണ് അതിന്റെ വർണ്ണം അല്ലെങ്കിൽ ജാതി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഒരാളിൽ സത്വഗുണമാണ് പ്രധാനമായി ഉയർന്നു നിൽക്കുന്നത് എങ്കിൽ അയാളിൽ നിന്നു ബ്രാഹ്മണോചിതമായ കർമ്മങ്ങളെ ഉണ്ടാകുകയുള്ളൂ. അങ്ങിനെയുള്ള സാത്വികഗുണ പ്രധാനിയായ ബ്രാഹ്മണന്റെ സ്വഭാവവിശേഷം എന്തായിരിക്കും എന്ന് ഭഗവാൻ ഗീതയിൽ പറയുന്നുണ്ട്.

**ശമോ ദമസ്തപ: ശൗചം**
**ക്ഷാന്തിരാർജവമേവ ച**

**ജ്ഞാനം വിജ്ഞാനമാസ്തിക്യം**
**ബ്രഹ്മകർമ്മ സ്വാഭാവജം**
*(ഗീത....അദ്ധ്യായം 18, ശ്ലോകം 42)*

**ശമം, ദമം, തപം, ശുദ്ധി,**
**ആർജ്ജവം, ക്ഷമയും, തഥാ**
**ജ്ഞാന വിജ്ഞാന വിശ്വാസം**
**ബ്രാഹ്മണർക്കോ സ്വഭാവജം.**
*(മലയാള ഭാഷാഗീത)*

ശമം, ദമം, തപസ്സു, ശൗചം, ക്ഷമാശീലം, നേർവഴിക്കുള്ള സഞ്ചാരം, ശാസ്ത്ര പരിജ്ഞാനം, തത്വാനുഭൂതി, ആസ്തിക്യ ബുദ്ധി ഇവയെല്ലാം സാത്വിക ഗുണപ്രധാനികളായ ബ്രാഹ്മണരുടെ കർമ്മങ്ങളത്രേ. ഇവയൊക്കെ എന്താണെന്ന് നമുക്കൊന്ന് നോക്കാം.

ഏകാന്തതയിൽ ഇരുന്നാലും മുൻപ് അനുഭവിച്ച വിഷയങ്ങളുടെ സ്മരണ മൂലം മനസ്സ് അത്തരം വിഷയങ്ങളിലേ ക്കോടിക്കൊണ്ടിരിക്കും. അതിനെ നിയന്ത്രിക്കലാണ് ശമം
.
ഇന്ദ്രിയ നിയന്ത്രണമാണ് ദമം. ഇന്ദ്രിയങ്ങൾ വഴി ബാഹ്യ വിഷയങ്ങൾ നമ്മുടെ ഉള്ളിൽ കടന്നു നമ്മുടെ മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കും. അതിനെ നിയന്ത്രിക്കലാണ് ദമം

ഇങ്ങനെ ശമദമാദികളിൽ കൂടി ആർജ്ജിച്ച ആന്തരീക ശക്തിയെ ആത്മവികാസത്തിനു പ്രയോജനപ്പെടുത്താനായികൊണ്ട് ശരീരത്തെ പരിപാകപ്പെടുത്തുന്നതാണ് തപസ്സ്

ക്ഷമാശീലമാണ് ക്ഷാന്തി. തന്നോട് മോശമായി പെരുമാറുന്നവർക്കും മാപ്പ് കൊടുക്കുക എന്നത് സാത്വിക ഗുണത്തിന്റെ സ്വഭാവമാണ്.

ഉൽകൃഷ്ടാചാരങ്ങളെ വിട്ടുവീഴ്ച ഇല്ലാതെ ആചരിക്കുന്നതിനും ശരിയായ ധർമ്മത്തിന്റെ പാതയിൽ സഞ്ചരിക്കുന്നതിനും ആർജ്ജവം എന്ന് പറയുന്നു.

ഈ പറഞ്ഞ 6 മാർഗ്ഗത്തിൽ കൂടി ചരിക്കുന്നവനു വന്നു ചേരുന്ന മൂന്നു ഗുണങ്ങൾ ആണ്, ജ്ഞാനം, വിജ്ഞാനം, ആസ്തിക്യം.

പരമാത്മാവിനെ കുറിച്ചുള്ള ബുദ്ധിപരമായ അറിവാണ് ജ്ഞാനം. ഈ അറിവിനെ ആചരിച്ചു സാക്ഷാത്കരിക്കുന്നതാണ് വിജ്ഞാനം. ഈ അറിവിനെയും, ആചാരങ്ങളെയും വിശ്വാസത്തോടെ മുറുകെപ്പിടിച്ചു ജീവിക്കുന്നതാണ് ആസ്തിക്യം

ഈ ജ്ഞാന, വിജ്ഞാന, ആസ്തികൃബുദ്ധി വളർത്തി ആത്മ വികാസം നേടുക എന്നതാണ് സാത്വികഗുണ പ്രധാനിയായ ബ്രാഹ്മണന്റെ ധർമ്മം.

## ക്ഷത്രിയ ഗുണങ്ങൾ

സാത്വിക ഗുണ പ്രധാനികളെ കുറിച്ച് പറഞ്ഞുകഴിഞ്ഞുവല്ലോ. അവരുടെ ഗുണങ്ങൾ....സാത്വിക ...രാജസിക..... താമസിക..ക്രമത്തിലാണ്.. ഇനി രജോഗുണമാണ് ഒരുവനിൽ ഉയർന്നു നിൽക്കുന്നതെങ്കിൽ അവരെ ക്ഷത്രിയ ഗണത്തിൽപ്പെടുത്തുന്നു.അവർക്ക് രാജസിക....സാത്വിക ...താമസിക ക്രമത്തിൽ ആണ് ഗുണങ്ങൾ.. അവർ ക്ഷത്രിയ സ്വഭാവമേ പ്രകടമാക്കൂ. രാജാക്കന്മാർ, സർക്കാർ ഭരണാധികാരികൾ ഇവരൊക്കെ ഈ ഗണത്തിൽ പെടും. അവരുടെ സ്വഭാവ വൈശിഷ്ട്യം എന്താണെന്ന് നോക്കാം. ഗീതയിൽ ഇതിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്.

**ശൗര്യം തേജോ ധൃതിർദാക്ഷ്യം**
**യുദ്ധേ ചാപ്യപലായനം**
**ദാനമീശ്വരഭാവശ്ച**
**ക്ഷാത്രം കർമ സ്വഭാവജം**
*(ഗീത അദ്ധ്യായം 18 ശ്ലോകം 43)*

**ധൈര്യമായോധനസ്ഥൈര്യം**
**ശൗര്യവീര്യപരാക്രമം**
**ഔദാര്യം, സ്വാമിയാം ഭാവം**
**ക്ഷത്രിയർക്കും സ്വഭാവജം.**
*(മലയാളഭാഷാ ഗീത)*

ശൗര്യം, തേജസ്, ധൃതി, ജാഗ്രത, യുദ്ധത്തിൽ പേടിച്ചോടായ്ക, ദാനം, പ്രഭുത്വം, ഇവയെല്ലാം സ്വാഭാവികമായും ക്ഷത്രിയ ഗുണമുള്ളവരുടെ സ്വഭാവമത്രേ.

ജീവിതത്തിലെ വെല്ലുവിളികളെ നേരിടുമ്പോൾ പ്രകടമാകുന്ന മനോവീര്യവും, സ്ഥൈര്യവുമാണ് ശൗര്യം, തേജസ്സ് എന്നിവ. ഇത് മറ്റുള്ളവരെ നിയന്ത്രിക്കാനുള്ള കരുത്തു തരുന്നു.

ക്ഷത്രിയനെ സംബന്ധിച്ചിടത്തോളം നിശ്ചയ ദാർഢ്യമാണ് ധൃതി. ഒരു കാര്യം ചെയ്യണമെന്ന് തീരുമാനിച്ചാൽ ഏതു പ്രതിബന്ധങ്ങളെയും തട്ടിമാറ്റി വിജയം കൈവരിക്കാനുള്ള ദൃഢനിശ്ചയം. അതാണ് ധൃതി.

ഏതു സാഹചര്യത്തിലും ഒരു തീരുമാനം എടുക്കുവാനും അതു നടപ്പാക്കാനുമുള്ള ജാഗ്രതയാണ് ദാക്ഷ്യം.

പൊതുജന നന്മയ്ക്കായി ഉദാരമായി ധനം ചിലവഴിക്കുന്നതാണ് ദാനം. ധന സഹായം ആവശ്യമുള്ളവർക്കു അനുകമ്പയോടെ ദാനം ചെയ്യുമ്പോൾ രാജാവും,

ഭരണാധികാരികളും എല്ലാം പ്രശംസക്കു പാത്രമാവുന്നു.

തികഞ്ഞ ആത്മവിശ്വാസമാണ് പ്രഭുത്വം അഥവാ ഈശ്വരഭാവം. ഒരു ക്ഷത്രിയന് ചുറ്റുപാടും പ്രജ്ജ്വലമാക്കി തീർക്കാൻ ഈ ഭാവം കൂടിയേ തീരൂ. നേതാവിന് ആത്മവിശ്വാസം ഉണ്ടെങ്കിലേ അനുയായികൾക്ക് ഉത്സാഹം ഉണ്ടാകൂ.

ഈ ധർമ്മങ്ങളെല്ലാം ഉള്ളവരാണ് ക്ഷത്രിയർ അഥവാ ക്ഷത്രിയർ ഈ ഗുണങ്ങൾ എല്ലാം വളർത്തി എടുക്കണം എന്ന് സാരം..

## ഗുണസ്വഭാവങ്ങളും കർമ്മതലങ്ങളും

സാത്വികപ്രധാനികളായ ബ്രാഹ്മണരെ കുറിച്ചും രാജസികപ്രധാനികളായ ക്ഷത്രിയരെ കുറിച്ചും നമ്മൾ മനസ്സിലാക്കി. ഗീതയിൽ അടുത്ത ശ്ലോകത്തിൽ വൈശ്യ, ശൂദ്ര സ്വഭാവക്കാരെ കുറിച്ച് പറയുന്നു.

**കൃഷിഗൗരക്ഷ്യ വാണിജ്യം**
**വൈശ്യ കർമ സ്വഭാവജം**
**പരിചര്യാത്മകം കർമ്മ**
**ശൂദ്രസ്യാപി സ്വഭാവജം.**
*(ഗീത അധ്യായം 18, ശ്ലോകം 44 )*

**കൃഷി, ഗോരക്ഷ, വാണിജ്യം,**
**വൈശ്യധർമ്മം, സ്വഭാവജം,**
**സേവനാപരമാം കർമ്മം**
**ശൂദ്രജാതിക്കുമങ്ങനെ.**
*(മലയാള ഭാഷാ ഗീത)*

വൈശ്യരിലുള്ള ഗുണഘടന രാജസിക... താമസിക.... സാത്വിക ക്രമത്തിൽ ആണ്. ഇവരുടെ പ്രവൃത്തിമണ്ഡലം കൃഷി, ഗോരക്ഷ, വാങ്ങിജ്യം എന്നീ തുറകളിലാണ്.

താമസിക പ്രധാനമായ രാജസിക ....സാത്വിക ഗുണഘടനയോടൊത്തവരാണ് ശൂദ്രർ. അർപ്പണഭാവത്തോടെ പ്രവർത്തിക്കുക എന്നതാണ് ശൂദ്രന്റെ ധർമ്മം.

ഇവിടെയെല്ലാം സ്വഭാവമാണ് കർമ്മത്തെ നിർണ്ണയിക്കുന്നത് എന്ന് കാണാം.ഈ സ്വഭാവമാകട്ടെ ഗുണഘടനയാൽ നിർണ്ണയിക്കപ്പെടുന്നു. നാം ഓരോരുത്തരും ഏതു തരത്തിൽ പെടുന്നതാണെന്നും ഏതു ഗുണമാണ് നമ്മിൽ മുന്നിട്ട് നിൽക്കുന്നതെന്നും സ്വയം പരിശോധിച്ചറിയണം. ഉന്നത ഗുണമുള്ളവരെന്നോ താഴ്ന്ന ഗുണമുള്ളവരെന്നോ ഉള്ള തരം തിരിവോ അവഹേളനമോ വേണ്ടാ. ഓരോ തരക്കാർക്കും അവരവരുടെ ഗുണത്തിനനുസരിച്ചു പ്രവർത്തിക്കാനുള്ള ഇടം സമൂഹത്തിലുണ്ട്. നമ്മുടെ സ്വഭാവത്തിനനുസരിച്ചു, വാസനക്കനുസരിച്ചു നിയുക്തമായ ജോലി ആത്മാർഥമായി നിർവഹിക്കുകയാണെങ്കിൽ ഏവർക്കും ആത്മവികാസം നേടി ക്രമേണ ആ പരമപദം പ്രാപിക്കാൻ അർഹനായിത്തീരുന്നു....

ഈ ഗുണങ്ങളെപ്പറ്റി പഠിച്ചാൽ ഓരോ പ്രസ്ഥാനത്തിലും, ഓരോ സ്ഥാപനത്തിലും ഈ ബ്രാഹ്മണ (Knowledge group ) ക്ഷത്രിയ (Governance group) വൈശ്യ (Finance & resources group ) ശൂദ്ര (Working and execution group) വിഭാഗങ്ങൾ ഉണ്ടെന്നു നമുക്ക് മനസ്സിലാക്കാം..

പൊതുവായ ഗുണസ്വഭാവങ്ങളെക്കുറിച്ചാണ് ഇതൊക്കെ പറഞ്ഞിരിക്കുന്നത്...ഇനി ഈ സ്വഭാവങ്ങൾ ഏതേതു സമയത്തു എങ്ങനെ നമ്മിൽ പ്രവർത്തിക്കും എന്നതിനെക്കുറിച്ചൊക്കെ കൂടുതൽ അറിയേണ്ടിയിരിക്കുന്നു...

## ത്രിഗുണങ്ങൾ

ത്രിഗുണങ്ങൾ എന്നത് പ്രകൃതിയിൽ നിന്നുണ്ടാകുന്നതാണ്. അവ ഒരു ജീവനെ മോഹിപ്പിക്കുകയും ഈ സംസാരത്തോട് ബന്ധിപ്പിക്കുകയും ചെയ്യും.
ഈ ഗുണങ്ങളെ ലക്ഷണങ്ങളിൽ കൂടി മാത്രമേ തിരിച്ചറിയാനാകുകയുള്ളൂ. ഓരോ ഗുണങ്ങൾ സ്വാധീനിക്കുന്ന മനസ്സിലുണ്ടാകുന്ന വികാരങ്ങളും പെരുമാറ്റ രീതിയും വിസ്തരിച്ചു പറയുന്നുണ്ട് ഭഗവാൻ ഗീതയിൽ.. ഇതു സാധകരായ മനുഷ്യർക്ക് വളരെ സഹായകമാണ്. എന്തെന്നാൽ തങ്ങളുടെ മനോബുദ്ധിയിൽ പൊന്തി വരുന്ന വികാരവിചാരങ്ങളെ അപഗ്രഥിച്ചു, ഇപ്പോൾ ഏതു ഗുണമാണ് തന്നെ ഭരിക്കുന്നതെന്നു മനസ്സിലാക്കാൻ ഈ വിവരണം സഹായിക്കും.

സത്വഗുണത്തെപ്പറ്റി ഭഗവാൻ ഇങ്ങനെ പറയുന്നു.

**തത്ര സത്ത്വം നിർമലത്വാത്**
**പ്രകാശകമനാമയം**
**സുഖസംഗേന ബധ്നാതി**
**ജ്ഞാനസംഗേന ചാനഘ**
*(ഗീത... അദ്ധ്യായം 14, ശ്ലോകം 6)*

**സത്വമാകട്ടെ സംശുദ്ധം**
**പ്രകാശാരോഗ്യദായകം**
**അറിവും സുഖവും തോന്നി-**
**ച്ചാരാലേൽപ്പിച്ചു ബന്ധനം.**
*(മലയാളഭാഷാ ഗീത)*

സത്വ ഗുണത്തിൽ മനസ്സ് നിൽക്കുമ്പോൾ അതു ഏറ്റവും നിർമ്മലവും അചഞ്ചലവും, തെളിവാർന്നതും, ആത്മസ്വരൂപത്തെ പ്രകാശിപ്പിക്കുന്നതുമായിരിക്കും. സർഗ്ഗാത്മക ചിന്തയുടെയും ജ്ഞാനരതിയുടെയും ഉദാത്ത മണ്ഡലത്തിൽ നിൽക്കുന്നവരായിരിക്കും അവരപ്പോൾ. ആരോഗ്യദായകമാണ് ആ ഗുണം.

ഇനി രജോഗുണത്തെ പറ്റി പറയുന്നു.

**രജോ രാഗാത്മകം വിദ്ധി**
**തൃഷ്ണാസംഗസമുദ്ഭവം**
**തന്നിബധ്നാതി കൗന്തേയ**
**കർമ്മസംഗേന ദേഹിനം**
*(ഗീത.... അദ്ധ്യായം 14, ശ്ലോകം 7)*

**തൃഷ്ണയാലുളവായീടും**
**രജസ്സൊട്ടുന്നമട്ടിലായ്**
**ദേഹിയെ ക്കർമബന്ധത്താൽ**
**മോഹിപ്പിപ്പൂ ധനഞ്ജയാ!**
*(മലയാളഭാഷാ ഗീത)*

രജോ ഗുണത്തിന്റെ സ്വാധീനത്തിനു അധീനപ്പെടുന്ന മനസ്സ് കാമ, ക്രോധ,ലോഭ, മോഹ, മദ, മാത്സര്യങ്ങളാൽ പ്രക്ഷുബ്ധമായിരിക്കും. തൃഷ്ണയും, സംഗവും, അതായത് ആഗ്രഹവും, ആസക്തിയും രജോഗുണത്തിന്റെ സന്തതികളത്രേ. ഇവ രണ്ടും സംഘർഷങ്ങളുടെ ഉറവിടമാണെന്ന് ഭഗവാൻ പറയുന്നു.

ഇനി തമോ ഗുണത്തെ പറ്റി പറയുന്നതു നോക്കാം

**തമസ്ത്വജ്ഞാനജം വിദ്ധി**
**മോഹനം സർവദേഹിനാം**
**പ്രമാദാലസ്യനിദ്രാഭി:**
**തന്നിബധ്നാതി ഭാരതാ**
*(ഗീത അദ്ധ്യായം 14. ശ്ലോകം 8)*

**തമസ്സജ്ഞാന സംഭൂതം**
**ഭ്രമമേവർക്കുമേകിടും**
**മറവും മടിയും മാന്ദ്യ-**
**മിവയാൽ ബന്ധഭാവവും.**
*(മലയാളഭാഷാ ഗീത)*

തമോ ഗുണമാകട്ടെ അജ്ഞാനത്തിൽ നിന്നുണ്ടാകുന്നതും അത് ജീവനെ മോഹിപ്പിക്കുന്നതും ആണ്. ഈ ഗുണം നമ്മെ ശരിയും തെറ്റും തിരിച്ചറിയാനുള്ള കഴിവ് നഷ്ട്ടപ്പെടുത്തി ഒരു തരം മാന്ദ്യത്തിലേക്കും മറവിയിലേക്കും കൊണ്ടെത്തിക്കുന്നു. മനുഷ്യന്റെ വ്യക്തിത്വത്തെ അധമ പ്രകൃതിയിലേക്ക് നയിക്കുന്നതാണ് ഈ തമോ ഗുണം. ഇതിനു അടിമപ്പെട്ടാൽ ഉദ്ദേശശുദ്ധിയോ, വിചാര സ്ഫുടതയോ, മൃദുലവികാരമോ കർമ്മ വൈശിഷ്ട്യമോ ഒന്നും ഉണ്ടാവുകയില്ല. ഈ ഗുണങ്ങൾ സംസാരത്തോട് ബന്ധിപ്പിക്കുന്നു എന്നു പറഞ്ഞാൽ ഇവ നമ്മുടെ വാസനയായി... സ്വാഭാവമായി മാറി , ലോകത്തോടിടപെടുമ്പോൾ അതു പ്രകടമാക്കും എന്നർത്ഥം...

## ഗുണങ്ങൾ ആഹാരരീതികൾ

നമ്മുടെ വളർച്ചക്ക് ആഹാരം അത്യന്താപേക്ഷിതമാണല്ലോ... ഈ ആഹരത്തിലൂടെയും മുൻപ് പറഞ്ഞ സത്വ രജ തമോ ഗുണങ്ങൾ നമ്മെ സ്വാധീനിക്കുന്നുണ്ട്....അഥവാ നമ്മിലെ ഈ ഗുണങ്ങൾ അത്തരം ഗുണങ്ങളുള്ള ആഹാരപദാർത്ഥങ്ങളിലേക്കു നമ്മെ ആകർഷിപ്പിക്കുന്നു.
നാം കഴിക്കുന്ന ആഹാരത്തിന്റെ ഒരു ഭാഗം നമ്മുടെ ശരീരത്തിന്റെ മാംസപേശികളായി മാറുന്നു. എന്നാൽ ഈ ആഹാരത്തിന്റെ സൂക്ഷ്മാംശം മനസ്സായും ( ചിന്തകളായും ) പരിണമിക്കുന്നുണ്ടു. അതായത് നാം കഴിക്കുന്ന ആഹാരം നമ്മിലുള്ള ഈ ഗുണങ്ങളെ സ്വാധീനിക്കുന്നു... അഥവാ നമ്മിലുള്ള ഈ ഗുണങ്ങൾ നമ്മുടെ ആഹാരരീതിയെ സ്വാധീനിക്കുന്നു എന്ന്. അത് എപ്രകാരമെന്ന് നോക്കാം.

ഭഗവത് ഗീതയിൽ
ഇതിനെക്കുറിച്ചെല്ലാമുള്ള ഉത്തരമുണ്ട്.

**ആയുഃ സത്ത്വബലാരോഗ്യ**
**സുഖപ്രീതിവിവർദ്ധനാഃ**
**രസ്യാഃ സ്നിഗ്ദ്ധാഃ സ്ഥിരാ ഹൃദ്യാഃ**
**ആഹാരാഃ സാത്ത്വികപ്രിയാഃ**
( ഗീത അധ്യായം 17: ശ്ലോകം 8 )

**ആയുഃ ശക്തി, സുഖം, പ്രീതി,**
**വീര്യമാരോഗ്യവർദ്ധകം**
**രസ്യം,സ്നിഗ്ദ്ധം, സ്ഥിരം, ഹൃദ്യം**
**ആഹാരം സാത്ത്വികപ്രിയം**
(മലയാളഭാഷാ ഗീത)

ആയുസ്സ്, ആന്തരീകശക്തി, ആരോഗ്യം, സുഖം, പ്രീതി ഇവയെ വർദ്ധിപ്പിക്കുന്നതും

സ്വാദുള്ളതും , പുതുമയാർന്നതും, സ്ഥായിയായ ശരീരപുഷ്ടി പ്രദാനം ചെയ്യുന്നതും ഹൃദ്യവുമായ ആഹാരങ്ങൾ സാത്വിക പ്രകൃതിയിലുള്ളവർക്ക് പ്രിയമുള്ളതാകുന്നു .

രാജസീക ആഹാരം എന്തെന്ന് നോക്കാം.

**കട്വമ്ലലവണാത്യുഷ്ണ**
**തീക്ഷ്ണരൂക്ഷവിദാഹിനഃ**
**ആഹാരാഃ രാജസസ്യേഷ്ടാഃ**
**ദുഃഖശോകാമയപ്രദാഃ**
(ഗീത അധ്യായം 17, ശ്ലോകം 9 )

**ചുട്ടെരിഞ്ഞു പൊരിഞ്ഞുപ്പും**
**പുളിപ്പും വ്യാപ്തിവേഗവും**
**പൂണ്ടപീഡാകരം ഭോജ്യം**
**രാജസർക്കിഷ്ടമായതാം**
(മലയാളഭാഷാ ഗീത)

കടുത്ത ചവർപ്പ്, പുളി, ഉപ്പ്, ചൂട്, എരിവ്, കാഠിന്യമുള്ളതും,വറുത്തു പൊരിച്ചതും ദഹനക്കേടുണ്ടാക്കുന്നതുമായ ആഹാരം രാജസന്മാർക്ക് ഇഷ്ട്ടപ്പെട്ടതത്രേ .എന്നാൽ ഇത്തരം ആഹാരങ്ങൾ ദേഹത്തിനും, മനസ്സിനും രോഗവും, അസ്വസ്ഥതയും ഉണ്ടാക്കുന്നവയാണ് .

ഇനി താമസിക ആഹാരം എന്തെന്ന് പറയുന്നു

**യാതയാമം ഗതരസം**
**പൂതിപര്യുഷിതം ച യത്**
**ഉച്ഛിഷ്ടമപി ചാമേധ്യം**
**ഭോജനം താമസപ്രിയം**
(ഗീത അധ്യായം 17, ശ്ലോകം 10)

**പഴകിച്ചീഞ്ഞു ദുർഗന്ധം**
**തഴുകിസ്വാദു വേറെയായ്**
**എച്ചിലായ് ശുചിയറ്റുള്ള**
**ഭോജനം താമസപ്രിയം**
(മലയാളഭാഷാ ഗീത)

തണുത്താറിയതും ( ഉണ്ടാക്കിയ ശേഷം ഒരു യാമം, 3 മണിക്കൂർ കഴിഞ്ഞതും ), സ്വാദ് പോയതും ദുർഗന്ധമുള്ളതും, കെട്ടതും, എച്ചിലായതും, അശുദ്ധവുമായ ആഹാരമാണ് താമസഗുണ സ്വഭാവമുള്ളവ.

ഇന്ദ്രിയവിഷയങ്ങളുടെ പ്രലോഭനങ്ങളിൽ നിന്ന് മനസ്സിനെ പിന്തിരിപ്പിക്കാൻ ആന്തരികമായൊരു ശക്തി കൂടിയേതീരു. ആരോഗ്യപ്രദമായ ഭക്ഷണം കഴിക്കുന്നവർക്കേ സാധനയിൽകൂടി ഈ ശക്തി നേടിയെടുക്കാനൊക്കു. പഴങ്ങൾ, പച്ചക്കറികൾ , ധാന്യങ്ങൾ ഇവ അടങ്ങിയതും പഴകാത്തതുമായ ആഹാരം സാത്ത്വിക ആഹാരത്തിൽപ്പെടുന്നു.

തീക്ഷ്ണ സ്വഭാവമുള്ള രാജസിക ആഹാരം ആരോഗ്യപ്രദമാണെങ്കിലും അവ കാമക്രോധ രാഗദ്വേഷങ്ങൾക്ക് നമ്മെ വശംവദരാക്കുകയും ഇന്ദ്രിയ നിയന്ത്രണത്തിൽ അവ തടസ്സങ്ങളായി പരിണമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ അത്തരക്കാർ ശോകമോഹങ്ങൾക്ക് അഥവാ മാനസിക ശാരീരിക ആസ്വാസ്ഥ്യങ്ങൾക്കു അടിമപ്പെടുന്നവരായിരിക്കും.

പഴകിയതും, ദുർഗന്ധമുള്ളതും, ലഹരിഉളവാക്കുന്നതുമായ ഭക്ഷണം താമസിക ഗുണം വളർത്തി സംസ്കാര ശൂന്യതയിലേക്ക് എത്തിക്കുന്നു.

ഇതെല്ലാം പൊതുവായ സ്വഭാവത്തെ പറയുന്നതാണ്...ഭക്ഷണശീലം നമ്മെ സ്വാധീനിക്കുന്നുണ്ടെന്നു മനസ്സിലാക്കാൻ....എന്നാൽ ഭക്ഷണനിയന്ത്രണത്തിൽക്കൂടി മാത്രം ഇന്ദ്രിയങ്ങളെ.....ചിന്തകളെ ...നിയന്ത്രിക്കാം എന്നു തെറ്റിദ്ധരിക്കരുത്.. ..

## കർമ്മങ്ങൾ

ഭക്ഷണത്തെ പോലെ തന്നെ നമ്മുടെ കർമ്മങ്ങളേയും, യജ്ഞങ്ങളേയും ഇങ്ങനെ സത്വ രജ തമോ ഗുണങ്ങൾക്കനുസരിച്ചു മൂന്നായി തരം തിരിക്കാം. അത് എങ്ങനെ എന്ന് നോക്കാം.

സാത്വിക കർമ്മത്തെക്കുറിച്ചു ഭഗവത്ഗീത ഇങ്ങനെ പറയുന്നു..

**അഫലാകാംക്ഷിഭിർ യജ്ഞഃ**
**വിധിദൃഷ്ടോ യ ഇജ്യതേ**
**യഷ്ടവ്യമേവേതി മനഃ**
**സമാധായ സ സാത്ത്വികഃ**
(ഭഗവത്ഗീത...അദ്ധ്യായം 17, ശ്ലോകം 11)

**കർത്തവ്യമെന്ന ബോധത്താൽ**
**ശാസ്ത്രത്തിന്നൊത്ത രീതിയിൽ,**
**നിഷ്കാമം കൃതമാം കർമ്മം**
**നിർദ്ദോഷം സാത്ത്വികം മതം.**
(മലയാളഭാഷാ ഗീത)

കർമ്മങ്ങൾ പൊതുവെ നാലു തരം ഉണ്ട്...
(1). കാമ്യകർമ്മം
(2). നിഷിദ്ധ കർമ്മം
(3). നിത്യകർമ്മം
(4). നൈമിത്തിക കർമ്മം.

ഇതിൽ നിത്യകർമ്മവും നൈമിത്തിക കർമ്മവും ശാസ്ത്രവിഹിതങ്ങളായ കർമ്മങ്ങളാണ്. അതുകൊണ്ട് തന്നെ അതു ധാർമ്മികമായി അനുഷ്ഠിക്കപ്പെടേണ്ടതുമാണ്. ലാഭേച്ഛയില്ലാതെ സ്വന്തം കർത്തവ്യം എന്ന രീതിയിൽ സമൂഹ നന്മക്കായി വിധിയാം വണ്ണം ചെയ്യുന്ന ഈ കർമ്മമാണ് ***സാത്ത്വിക കർമ്മം*** ..നിസ്വാർത്ഥമായി ചെയ്യുന്നതിനാൽ അവർക്കു ആ കർമ്മത്തിന്റെ ഫലത്തെകുറിച്ചുള്ള ആകാംക്ഷയുമില്ല. അവർ വർത്തമാനകാലത്തെ ധന്യമാക്കുന്ന വിവേകമതികൾ ആണ്.

ഇനി ***രാജസ കർമ്മങ്ങൾ*** എന്തെന്ന് നോക്കാം.

**അഭിസന്ധായ തു ഫലം**
**ദംഭാർത്ഥമപി ചൈവ യത്**
**ഇജ്യതേ ഭരതശ്രേഷ്ഠ**
**തം യജ്ഞം വിദ്ധി രാജസം.**
(ഭഗവത്ഗീത അദ്ധ്യായം -17, ശ്ലോകം 12)

**പ്രഭാവം പ്രകടിപ്പിക്കാൻ**
**പ്രാപിക്കാൻ പലതാം ഫലം,**
**ഈ വിധം കാംക്ഷയാ ചെയ്യും**
**യജ്ഞം രാജസമർജ്ജുന !**
(മലയാളഭാഷാ ഗീത)

ചിലർ സ്വന്തം പ്രതാപത്തെ ഉയർത്തി കാണിക്കാൻ വേണ്ടിമാത്രം പ്രത്യേകിച്ചു ഒരു ലക്ഷ്യവും ഇല്ലാതെ കർമ്മം ചെയ്യുന്നു. അവർ മന :ശുദ്ധി ഉള്ളവരല്ല. മറ്റൊരു കൂട്ടരാകട്ടെ നിശ്ചിതഫലപ്രാപ്തിക്കായിക്കൊണ്ട് തന്നെ കർമ്മം ചെയ്യുന്നു.(***കാമ്യകർമ്മം***) ഫലപ്രതീക്ഷ അവരുടെ മനസ്സിനെ ആശങ്കയും, വെപ്രാളവും കൊണ്ട് അസ്വസ്ഥരാക്കും. ഈ രണ്ടു തരം കർമ്മങ്ങളും രാജസ കർമ്മങ്ങളത്രേ.

ഇനി ***താമസ കർമ്മം*** നോക്കാം..

**വിധിഹീനമസൃഷ്ടാന്നം**
**മന്ത്രഹീനമദക്ഷിണം**
**ശ്രദ്ധാവിരഹിതം യജ്ഞം**
**താമസം പരിചക്ഷതേ**
(ഭഗവത്ഗീത..അദ്ധ്യായം 17,ശ്ലോകം 13)

**വിധിയില്ലി, ല്ല വിശ്വാസം**
**മന്ത്രമില്ലി, ല്ല ദക്ഷിണ**
**അന്നദാനങ്ങളില്ലേവം-**
**ചെയ്യും കർമ്മങ്ങൾ താമസം.**
(മലയാള ഭാഷാ ഗീത)

അന്നമെന്നാൽ ഭക്ഷണം മാത്രമല്ല, നിത്യ നിദാന കാര്യങ്ങളായ വസ്ത്രം, പാർപ്പിടം മുതലായവകൂടി അതിൽപ്പെടും. ഇത് മൂന്നും ഉള്ളവർ ഇല്ലാത്തവർക്ക് സന്തോഷത്തോടെയും സ്നേഹത്തോടെയും ദാനം ചെയ്യേണ്ടവയാണ്. എന്നാൽ ഇപ്രകാരം ദാന ധർമ്മങ്ങൾ ചെയ്യാത്തവർ ചെയ്യുന്ന കർമ്മങ്ങളും, മന്ത്രം പിഴച്ചും ദക്ഷിണ നൽകാതെയും, ശാസ്ത്ര വിധി നോക്കാതെയും ചെയ്യുന്ന കർമ്മങ്ങളും താമസിക കർമ്മങ്ങളത്രേ. ***(നിഷിദ്ധ കർമ്മം***) ഇവ ചെയ്യുന്ന ആൾക്കോ,മറ്റുള്ളവർക്കോ ഒരു പ്രയോജനവും ഉണ്ടാക്കില്ല.

ത്രിഗുണങ്ങളെ കുറിച്ച് ഇത്രയും എഴുതിയത് നമുക്ക് നമ്മളെ കുറിച്ച് തന്നെ ഒരു അവബോധമുണ്ടാകാൻ വേണ്ടിയാണ്.നമ്മുടെ കർമരംഗത്ത്, സ്വഭാവത്തില് എല്ലാം എത്രമാത്രം ഈ ത്രിഗുണങ്ങൾ സ്വാധീനിക്കുന്നു എന്നു മനസ്സിലാക്കിയല്ലോ..

## മനസ്സ്

നാം എന്ന് പറയുന്നത് നമ്മുടെ ശരീരവും മനസ്സും കൂടി ചേർന്നതിനെയാണല്ലോ. ശരീരം എന്തെന്ന് നമുക്ക് അറിയാം. പഞ്ചഭൂതനിർമ്മിതിയാൽ രൂപപെട്ടത്. ഭൂമിയിലെ ആഹാരം, ജലം, വായു, അഗ്നി ഇവയുടെ സഹായത്താൽ നിലനിൽക്കുന്നത് . ... എന്നാൽ ഈ മനസ്സ് എന്നത് എന്താണ്....?? നാം ദിവസവും പലപ്രാവശ്യം പറയുന്ന വാക്കുകളാണ്...'എനിക്കൊന്നും മനസ്സിലായില്ല....എന്റെ മനസ്സിനു വലിയ വിഷമം തോന്നുന്നു എന്നൊക്കെ.' എന്നാൽ യഥാർത്ഥത്തിൽ ഈ മനസിനെ വേർതിരിച്ചു മനസ്സിലാക്കാൻ നമുക്കാർക്കും കഴിയുന്നില്ലെന്നതാണ് വാസ്തവം..

സൂക്ഷ്മമായി പരിശോധിച്ചാൽ ശുദ്ധമായ ബോധത്തിൽ നിന്നുയർന്നു വരുന്ന കുറെ ചിന്തകളാണ് ഈ മനസ്സെന്ന് കാണാം. ഈ ചിന്തകളും സത്വ രജ തമോ ഗുണ പ്രധാനങ്ങളാണ്.

ഈ ചിന്തകൾക്ക് പൊതുവെ നാല് തരം സ്വഭാവമുണ്ട്.
1) വികാരചിന്തകളാകുന്ന *മനസ്സ്*
2) അറിവ് നേടുന്ന *ബുദ്ധി*
3) ഓർമ്മകൾ സൂക്ഷിക്കുന്ന *ചിത്തം*
4) ഞാനെന്ന അഭിമാനം...അഥവാ *അഹങ്കാരം*....ഇവയാണത്.

ഇതിനെ നാല് അന്ത:കരണങ്ങൾ എന്ന് പറയുന്നു. ഇതിൽ മനസ്സും അഭിമാനവും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അതിനെ പൊതുവെ മനസ്സെന്നും, ബുദ്ധിയും ചിത്തവും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അതിനെ ബുദ്ധി എന്നും വിളിക്കുന്നു. നമ്മുടെ വ്യക്തിത്വം എന്ന് പറയുന്നത് ശരീരം, മനസ്സ്, ബുദ്ധി ഈ തലങ്ങളിലാണ് നിലനിൽക്കുന്നത്. ഈ മൂന്നിന്റെയും വികാസം ഒരുപോലെ സംഭവിക്കുമ്പോൾ ആ വ്യക്തി ശ്രേഷ്ഠനായിത്തീരുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ നമ്മളിന്ന് ശരീരത്തെയും, ബുദ്ധിയെയും മാത്രമേ വികസിപ്പിക്കാൻ ശ്രമിക്കുന്നുള്ളൂ. നമ്മുടെ നാടിന്റെ വികസനവും ഈ രണ്ട് തലങ്ങളിൽ മാത്രമാണ് നടക്കുന്നത്.

ശരീര വികാസത്തിനു വേണ്ട health clubs, hospitals, hotels മുതലായവയും hightech വിദ്യാഭ്യാസത്തിനു വേണ്ട സ്ഥാപനങ്ങളും ദിനംപ്രതി വർദ്ധിച്ചു വരികയാണ്. എന്നാൽ നാം വളരെ പ്രാധാനപ്പെട്ട നമ്മുടെ മനസ്സിനെക്കുറിച്ചു മറന്നുപോയിരിക്കുന്നു. നമ്മുടെ മാനസിക വികാസത്തെ കുറിച്ച് നമ്മളിന്നും അജ്ഞരാണ്. നമ്മളെ തളർത്തുന്നതു മുഴുവൻ നമ്മുടെ മനസ്സാണെന്ന് നാം തിരിച്ചറിയുന്നില്ല. ഇന്ന് ലോകത്ത് നടക്കുന്ന സംഭവങ്ങളെല്ലാം വിശകലനം ചെയ്താൽ നമുക്കിത് മനസ്സിലാകും. പത്രങ്ങളിൽ വരുന്ന വാർത്തകൾ തന്നെ നോക്കൂ. പീഡനങ്ങളുടെയും, ക്രൂരതകളുടെയും, അഴിമതികളുടെയും, ആത്മഹത്യയുടെയും കഥകൾ. ഇത് ചെയ്യുന്നവരും, അനുഭവിക്കുന്നവരും എല്ലാം തന്നെ ശരീരശക്തിയിലും, ബുദ്ധിശക്തിയിലും ഉയർന്നു നിൽക്കുന്നവരുമാണ്. പക്ഷെ മനസ്സിന്റെ വൈകല്യം കൊണ്ട് ഓരോ നീചപ്രവർത്തികൾ ചെയ്യാനും മനസ്സിന്റെ ദൗർബല്യം കൊണ്ട് പല ക്രൂരതകളും, ദുഃഖങ്ങളും അനുഭവിക്കാനും ബാദ്ധ്യസ്ഥരാകുന്നു. ഇവിടെയാണ് നമ്മുടെ ഭാരതീയ വേദസംസ്കാരത്തിന്റെ പ്രസക്തി.

ഭാരതീയ ഋഷീശ്വരന്മാർ മനസ്സിന്റെ പ്രാധാന്യം മനസ്സിലാക്കി അതിനെക്കുറിച്ച് ആഴത്തിൽ പഠിച്ചവരാണ്. അവർ ശരീരത്തെക്കാളും, ബുദ്ധിയെക്കാളും വിലമതിച്ചത് മനസ്സിനെയാണ്. നമ്മുടെ ശരീരത്തെ പ്രവർത്തിപ്പിക്കുന്നത് മനസ്സാണ്. ഈ ശരീരം എത്രതന്നെ ആരോഗ്യമുള്ളതായാലും അതിലെ മനസ്സ് തളർന്നാൽ ശരീരവും തളരും. അതുപോലെ നമ്മുടെ ബുദ്ധിയിൽ എത്രതന്നെ അറിവ് ശേഖരിച്ചു വെച്ചിട്ടുണ്ടെങ്കിലും അത് പുറത്തേക്കു പ്രകടമാക്കുന്നതു മനസ്സിലൂടെയാണ്. ആ മനസ്സു കലുഷിതമാണെങ്കിൽ; ശാന്തമല്ലെങ്കിൽ; എത്രതന്നെ അറിവുണ്ടായാലും നമുക്കത് വേണ്ടവണ്ണം പ്രകടമാക്കാൻ കഴിയാതെ വരും...ഒരാളുടെ ജീവിതത്തിന്റെ quality നിശ്ചയിക്കുന്നത് അയാളുടെ മനസ്സിന്റെ അവസ്ഥയാണ്.

## വികാരവും വിവേകവും

നമ്മുടെ ചിന്തകൾക്കു രണ്ട് തരം സ്വഭാവമുണ്ട്. ഒന്ന് വികാരവും, മറ്റൊന്ന് വിവേകവും. നിർഭാഗ്യവശാൽ നമ്മളെല്ലാവരും തന്നെ ഈ വികാരത്തിൽ ജീവിക്കുന്നവരാണ്. വികാരം നമ്മെ ആകർഷിപ്പിക്കും, ആസക്തരാക്കും, അഹങ്കാരിയാക്കും. നമ്മുടെ വികാര ചിന്തകൾ എല്ലാം ഒഴുകുന്നത് നമ്മുടെ ശരീരത്തിലേക്കും, ബന്ധങ്ങളിലേക്കും, വസ്തുക്കളിലേക്കുമാണ്. ഇത് ആദ്യമെല്ലാം കുറച്ചു സന്തോഷവും, സുഖവുമെല്ലാം തരുമെങ്കിലും കാലം കൊണ്ട് ക്ഷയിക്കുന്ന ശരീരം, അകലുന്ന ബന്ധങ്ങൾ, നഷ്ട്ടപ്പെടുന്ന വസ്തുക്കൾ എല്ലാം തന്നെ നമ്മെ തീരാ ദുഃഖത്തിലും തളർച്ചയിലും കൊണ്ടെത്തിക്കുന്നു. എന്നാൽ വിവേകിയായ ഒരുവൻ ഈ ശരീരത്തിന്റെ നശ്വരതയെയും മറ്റു മനസ്സുകളുടെ വൈവിദ്ധ്യത്തെയും സ്വന്തം മനസ്സിന്റെ സ്വാതന്ത്ര്യത്തെയും എല്ലാം തിരിച്ചറിഞ്ഞു അവന്റെ ആകർഷണവും, ആസക്തിയും എല്ലാം ശരീരത്തിലേക്കോ വസ്തുക്കളിലേക്കോ ഒഴുകാൻ സമ്മതിക്കാതെ തന്നെ ജീവസ്സുറ്റതാക്കി നിലനിർത്തുന്ന ആ ആത്മ ചൈതന്യത്തിലേക്ക്......അഥവാ പരമാത്മാവിലേക്ക് തിരിച്ചു വിടുന്നു. ഇത് അത്ര എളുപ്പമായ കാര്യമല്ല.

ഇങ്ങനെ വിവേകത്തിലേക്ക് നമ്മുടെ മനസ്സിന്റെ ശ്രദ്ധ തിരിക്കണമെങ്കിൽ അതിനുള്ള ജ്ഞാനം നേടിയിരിക്കണം. ഇന്നത്തെ വിദ്യാഭ്യാസത്തിൽ നിന്നോ, ജീവിതരീതിയിൽ നിന്നോ നമുക്ക് ഈ ജ്ഞാനം കിട്ടുന്നില്ല. അതിനൊരു ഗുരുവിന്റെ സഹായം കൂടിയേ തീരൂ. ആത്മജ്ഞാനം ഒരു ഗുരുമുഖത്തു നിന്ന് തന്നെ കിട്ടണം. ഒരു ഗുരുവുമായുള്ള സത്സംഗത്തിൽ കൂടി നാം വേദതത്ത്വങ്ങളടങ്ങിയ ഭാഗവതം, രാമായണം, ഭഗവത് ഗീത, ഉപനിഷത്തുക്കൾ തുടങ്ങിയ ഗ്രന്ഥങ്ങൾ പഠിക്കുമ്പോൾ നമുക്ക് നമ്മുടെ മനസ്സിനെ കുറിച്ചും, ഈശ്വരനെകുറിച്ചും എല്ലാം ശരിയായ ജ്ഞാനം ലഭിക്കുന്നു. ഭഗവത് ഗീതയിൽ ഭഗവാൻ പറയുന്നു...... "ഞാൻ

എല്ലാരുടെയും ഉള്ളിൽ ആത്മാവായി നിലകൊള്ളുന്നു". (ഗീത 10:20...ഇതു നേരത്തെ നമ്മൾ കണ്ടതാണ്.) എന്നും ..എന്നെ പ്രീതിപൂർവം ഭജിക്കുന്നവർക്ക് ഞാൻ ബുദ്ധിയോഗം കൊടുത്തനുഗ്രഹിക്കുന്നു എന്നും.. അതെങ്ങനെയെന്നു ഈ ശ്ലോകത്തിൽക്കൂടി വ്യക്തമാക്കുന്നു..

**തേഷാം സതതയുക്താനാം**
**ഭജതാം പ്രീതിപൂർവകം**
**ദദാമി ബുദ്ധിയോഗം തം**
**യേന മാമുപയാന്തി തേ**
(ഭഗവത്ഗീത അദ്ധ്യായം.. 10,ശ്ലോകം 10)

**പ്രീതരായെപ്പോഴും ഭക്ത്യാ**
**പൂതരെന്നെ ഭജിപ്പവർ**
**ഞാനവർക്കെന്നിലെത്തീടാൻ**
**ജ്ഞാനയോഗം കൊടുത്തിടും.**
(മലയാളഭാഷാ ഗീത)

ഭഗവാന്റെ മഹിമയെ ശ്രവണ മനന നിധിധ്യാസനത്താൽ മനസ്സിൽ ഉറപ്പിക്കുന്നവർക്കു ആത്മജ്ഞാനവും വിവേകബുദ്ധിയും കൊടുത്തനുഗ്രഹിക്കും എന്നാണ് ഭഗവാൻ പറയുന്നത്.

അതുപോലെ വികാരത്തിൽ മാത്രം ജീവിക്കുന്ന ഒരാൾ പടി പടിയായി നശിക്കുന്നതെങ്ങനെയെന്നും ഗീതയിൽ പറയുന്നുണ്ട്.

**ധ്യായതോ വിഷയാൻപുംസഃ**
**സംഗസ്തേഷൂപജായതേ**
**സംഗാത് സംജായതേ കാമഃ**
**കാമാത്ക്രോധോഭിജായതേ**
**ക്രോധാദ്ഭവതി സമ്മോഹഃ**
**സമ്മോഹാത് സ്മൃതിവിഭ്രമഃ**
**സ്മൃതിഭ്രംശാദ് ബുദ്ധിനാശോ**
**ബുദ്ധിനാശാത് പ്രണശ്യതി**
(ഭഗവത്ഗീത... അദ്ധ്യായം 2, ശ്ലോകം 62.63)

**വിഷയധ്യാനമാളുന്നോ-**
**നുണ്ടാകും സക്തിയായതിൽ**
**സക്തിയാൽ കാമമുണ്ടാകും**
**കാമത്തിൽനിന്നു കോപവും**
**സമ്മോഹം ക്രോധമാളുമ്പോ-**
**ളോർമ്മത്തെറ്റതിനപ്പുറം**
**അത്തെറ്റാൽ ബുദ്ധിനാശംതാൻ**
**ബുദ്ധിനാശാൽ വിനാശവും..**
(മലയാളഭാഷാ ഗീത)

ഇന്ദ്രിയവിഷയങ്ങളിൽ മാത്രം രമിക്കുന്നവന് അതിനോടൊരാസക്തി (association)ഉണ്ടാകുന്നു.ആ ആസക്തി കാമം(expectation)ഉണ്ടാക്കുന്നു..ആ കാമം പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ സ്വാഭാവികമായി ക്രോധവും(frustration) ക്രോധത്തിൽനിന്നു സമ്മോഹവും(depression) സമ്മോഹത്തിൽ നിന്നു ഓർമ്മത്തെറ്റു അഥവാ ബുദ്ധിനാശവും(delusion) ഉണ്ടാകുന്നു.

ഈ അവസ്ഥ അവനെ സർവനാശത്തിലേക്കും (distraction) എത്തിക്കുന്നു. മനസ്സിന്റെ ഈ അവസ്ഥകളെക്കുറിച്ചു ഇത്ര ആഴത്തിൽ നമുക്കു വേറെ എവിടുന്നു പഠിക്കാനാകും..?

ഭഗവാൻ വീണ്ടും ഗീതയിൽ 11 ആമത്തെ അദ്ധ്യായത്തിൽ 54 ആം ശ്ലോകത്തിൽ പറയുന്നുണ്ട്..

**ഭക്ത്യാ ത്വനന്യയാ ശക്യ**
**അഹമേവംവിധോർജുന**
**ജ്ഞാതും ദ്രഷ്ടും ച തത്ത്വേന**
**പ്രവേഷ്ടും ച പരന്തപ**

**അനന്യ ഭക്തിയാൽ മാത്രം**
**സാധ്യമെന്നെയറിഞ്ഞിടാൻ**
**കാണ്മാനും വിശ്വരൂപത്തെ**
**പ്രാപിക്കാനും പരന്തപ.**
(മലയാളഭാഷാ ഗീത)

കാണുന്നതും കേൾക്കുന്നതും എല്ലാം ഭഗവൽമയം എന്ന ഭാവത്തിൽ എന്നെ ഭജികുന്നവന് എന്നെ താത്ത്വികമായി അറിയാനും കാലക്രമേണ രാഗാദി വാസനകൾ നശിച്ചു ജീവാത്മാ പരമാത്മാ ഐക്യത്തിൽ എത്താനും സാധിക്കുമെന്ന്..

എല്ലാ മതങ്ങളും ഈശ്വരൻ ഒന്നേയുള്ളൂ എന്ന് പറയുമ്പോൾ നമ്മുടെ സംസ്കാരം പഠിപ്പിക്കുന്നത് നമുക്കെല്ലാവർക്കും തന്നെ ഈശ്വരനായി തീരാനുള്ള കഴിവും സാധ്യതയും ഉണ്ടെന്നാണ്. അതാണ് ഭാരതത്തിന്റെ അദ്വൈത സിദ്ധാന്തം.......

**തുടരും..**

**Bhamini Nair**

